ബോദ്‌ലെയർ

ആത്മാംശം

പരിഭാഷ:
സേവ്യർ പോൾ

ചാൾസ് ബോദ്‌ലെ

ആത്മാംശം

NATIONAL BOOK STALL

(Mālayalam)
ATMAMSHAM
(Blank Verses)
BY CHARLES BAUDLAIRE
Translated by
XAVIER PAUL
Publishers:
JANUS PUBLICATIONS
ASIA PRESS, QUILON.
April 1966
Copies 1000
Price Re. 1. 00·
Printed at
THE ASIA PRESS, POLAITHODE, QUILON.

ആത്മാംശം

KOTTAYAM PUBLIC LIBRARY
48892
KOTTAYAM.

ചാൾസ് ബോദ്‌ലെയർ

പരിഭാഷ

സേവ്യർ പോൾ

വില ഒരു രൂപ

ജെനെസ് പബ്ലിക്കേഷൻസ്, കൊല്ലം.

സേവ്യർ പോളിന്റെ കൃതികൾ:

സഹാറയും സഹോദരന്മാരും

1999

ശാപം

ഭാഷാദീപം

പരിഭാഷകൾ:

മാഡം ബോവറി	(ഫ്ളാബേർട്ട്)
കിഴവനും കടലും	(ഹെമിങ്ങ്വേ)
മോബി ഡിക്ക്	(മെൽവില്ലി)
പ്രളയം	(ഡാവിഞ്ചി)
കടൽ കീഴടങ്ങുന്നു	(ഹാൻസ് ഹാസ്)
ഡയാനാ	(ഡ്യൂമാസ്)
അശ്രത്മാംശം	(ബോദ്ലെയർ)

ബോദ്‌ലെയെ കുറിച്ച്

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; ആത്മാവിൽ രോഗം ബാധിച്ചവർ അഭിശപ്തന്മാർ.

തിന്മയുടെ പൂക്കൾ (FLEURS DU MAL) എന്ന വിശേഷോത്തര കാവ്യകൃതി രചിച്ച ബോദ്‌ലെയർ ആദ്യത്തെക്കൂട്ടത്തിൽപ്പെടുന്നു. പക്ഷേ അദ്ദേഹം ശപിക്കപ്പെട്ടു; കോടതിവഴി ശിക്ഷിക്കപ്പെട്ടു. കോടിയുടെ അളവിൽ സമ്പത്തുള്ളവരെ ഈശ്വരന്മാരാക്കിയതാരാണോ, ദാരിദ്ര്യത്തെ സ്വർഗ്ഗീയലാവണ്യത്തിന്റെ മധുരമധുസത്തയായി തൊള്ളതുറന്ന് പുകഴ്ത്തിക്കൊണ്ട് ദരിദ്രനെ തെണ്ടിപ്പട്ടിയെപ്പോലെ ആട്ടിയോടിച്ചതാരാണോ, വലിയ ന്യായപാലകന്മാരായി ഞെളിഞ്ഞുനടന്ന ആ വിശ്വ(ാ)ധർമ്മമൂർത്തികൾ ആത്മാവിൽ രോഗം ബാധിച്ചവരായിരുന്നു. അതുകൊണ്ടുതന്നെ ആത്മാവിൽ ദരിദ്രനായവനെ ശിക്ഷിക്കാൻ, അധിക്ഷേപിക്കാൻ, പരിഹാസത്തിൻെറ മുൾമുടിയണിയിക്കാൻ, അവക്ക് പ്രാപ്തിയുണ്ടായി. രാജാവും ശക്തിയും മഹത്വവും ആ രോഗികളുടേതായിരുന്നല്ലോ. അന്ന് സിംഹാസനങ്ങളുടെ തണലിൽ എളിമ വാഴുമായിരുന്നില്ല. ചെകുത്താൻെറ വാൽ

ഹൃദയത്തിലില്ലാത്ത വലിയ ധാർമ്മികവാദികളും ഉണ്ടായിരുന്നില്ല.

അതുകൊണ്ടു്, തൻെറ ഹൃദയത്തിലും ചെകുത്താൻെറ വാൽ തുള്ളിക്കളിക്കുന്നെന്നു പറഞ്ഞശേഷം, അദ്ദേഹം സർവ്വവും തുറന്നുകാണിച്ചു എല്ലാവരും മിഴിച്ചു നില്ക്കെ, എല്ലാവരും തങ്ങളുടെ ആത്മാവിൽ ശവപ്പെട്ടി പണിഞ്ഞു് അതിനുള്ളിൽ ധാർമ്മികബോധത്തിൻെറ അന്തഃസത്തയെ കുശാലായി ചാരമഗീതിയാലംപിച്ചു്, നിശ്ശബ്ദമായി സംസ്കരിക്കവേ, ബോദ്ലെയർ ലജ്ജിക്കാതെ ആ നരകവിത്തെടുത്തു് പരസ്യമായി, മനോഹരമായി, കുഴവേററി. ആ രോഗികൾ ഈ ദരിദ്രനെ ശിക്ഷിക്കാൻ വിജൃംഭിതവീര്യരായി, വികാരവിവശരായി അണിനിരന്നതിനു് അതാണു് കാരണം. തിന്മയുടെ പൂക്കളുടെ കവിളത്തു് അടിക്കുകയും മുഖത്തു് കാക്കിച്ചു് തുപ്പുകയുംചെയ്തു അവർ.

അപ്പോൾ ബോദ്ലെയർ വായനക്കാരൻെറ ചങ്കിൽ കത്തികടത്തുന്ന ചില വാക്കുകൾ പ്രഖ്യാപിച്ചു:

“ദിവ്യമ്മന്യനായ വായനക്കാരാ, നിങ്ങൾ എൻെറ സഹോദരനാകുന്നു.”

സമൂഹം ഒരു കന്നത്തടിച്ചപ്പോൾ, തിരിച്ചു് ഇരുകവിളത്തും കൊടുത്ത ചവിട്ടാണിതു്. ഈ മഹാപാപിയുടെ വായനക്കാരനാകാൻ, ഇത്തരം ശക്തിയേറിയ മുട്ടനമേററുകൊണ്ടു് ഒരു ‘അസുര’ൻെറ സഹോദരനാകാൻ, അതെ, ബോദ്ലെയർക്കവിതകളാസ്വദിക്കാൻ, ഇന്നു് എത്രയെത്രപേരാണു് ആവേശം കാട്ടുന്നതു്!

എന്തുകൊണ്ടു്?

അനന്യസാധാരണമായ ആത്മാർത്ഥതയുടെ സ്രഷ്ടാവായിരുന്നു, യാഥാർത്ഥ്യത്തിൻെറ മഹാ ദർപ്പണമായിരുന്നു,

ബോദ്‌ലെയറിലെ പ്രതിഭാശാലി. മൈക്കേൽ ഹാംബർജർ പറയുന്നു:

"ബോദ്‌ലെയർ തന്റെ അഹത്തെ, ഒരു കവിക്കു ചെയ്യാവുന്നതിൽവച്ച് അങ്ങേയററം വേദനാത്മകമായി ബലികഴിച്ചു. സംതൃപ്തമായ ഒരു ജനസമൂഹത്തെ, അതിന്റെ നിഗ്രൂഢമായ മര്യാദകേടുകൾ തുറന്നുകാണിച്ച് ഞെട്ടിപ്പിക്കുന്നതിൽനിന്നും ലഭിക്കുന്ന ആനന്ദമായിരുന്നു, ഈ കുരുതിയുടെ പ്രതിഫലം—തികച്ചും തുച്ഛമായ ഒരു പ്രതിഫലം."

ഒരു കവിക്ക് ഇതിൽ കൂടുതൽ ത്യാഗം ചെയ്യാൻ കഴിയുകയില്ല. സമൂഹത്തിനുവേണ്ടി, താൻ സ്നേഹിക്കാത്തതും എന്നാൽ വെറുക്കാത്തതുമായ സമൂഹത്തിനുവേണ്ടി അതിന്റെ പ്രതീകമായി സ്വയം ചിത്രീകരിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. താൻ ചെയ്യാത്ത തെററുകളുടെ പേരിൽ തന്നെത്തന്നെ വഷളനായി, മഹാ പാപിയായി അവതരിപ്പിച്ചു. സ്വന്തം വ്യക്തിത്വം ബലികഴിക്കാനുള്ള ഈ സന്നദ്ധതയെയാണ്, ധൈര്യത്തെയാണ് ഹാംബർജർ അപഗ്രഥിച്ചതു്.

സമൂഹ യാഥാർത്ഥ്യങ്ങൾ ചിത്രീകരിക്കാനുള്ള ഈ ആവേശത്തിൽ ഒരു സാഹിത്യപ്രസ്ഥാനത്തിന്റെ, റിയലിസത്തിന്റെ, അന്ത്യകാല ചൈതന്യംകൂടി ദർശിക്കാം. തെററുകളും കുററങ്ങളും വിശദമായി പ്രദർശിപ്പിച്ച് അവയിൽനിന്നും മനുഷ്യരെ നിവൃത്തരാക്കാനുള്ള തത്വചിന്താപരമായ ഒരു നെഗററീവ് മാർഗ്ഗമാണ് സ്വീകരിച്ചതെന്നതുകൊണ്ടു് റിയലിസത്തിനു് കലാസൃഷ്ടിയിൽ സ്ഥാനം നൽകാതിരിക്കാൻ ബോദ്‌ലെയർക്ക് കഴിഞ്ഞില്ല.

എങ്കിലും സിംബലിസത്തിന്റെ യുഗാരംഭകരിലൊരുവനും വഴികാട്ടിയുംകൂടിയാണ്" ബോദ്‌ലെയർ.

ഫ്രഞ്ചുസാഹിത്യത്തിൽ റിയലിസത്തിന്റേയും സിംബലിസത്തിൻെറയും മദ്ധ്യമാർഗ്ഗത്തിലദ്ദേഹം നില കൊ ാള്ളുന്നു. എങ്കിലും ദൃഢപ്രതിഷ്ഠിതങ്ങളായ സാങ്കേതികതങ്ങളുടെ ചട്ടക്കൂട്ടിലൊതുങ്ങിനില്ക്കാൻ കൂട്ടാക്കാതിരുന്ന ഒരു വിഗ്രഹഭഞ്ജകൻകൂടിയായിരുന്നു ബോ ദ് ലെ യ ർ. വിഭിന്ന സാങ്കേതിക മണ്ഡലങ്ങളിൽ അദ്ദേഹം വ്യാപരിക്കുകയുണ്ടായി. "റൊമാൻറിസിസത്തോട്ട് അദ്ദേഹത്തിനുണ്ടായിരുന്ന ബന്ധം ദൃഢതരമായിരുന്നു" എന്ന പ്രൊ: കാസാമിയാന്റെ അഭിപ്രായം ഇതിനെ സ്ഥിരീകരിക്കുന്നു. സിംബലിസത്തിൻെറ ശൈശവകാലത്തെ ഓമനത്തത്തിനും തേജസ്സിനും സൗരഭ്യത്തിനും അദ്ദേഹത്തിൻെറ കൃതികൾ വളരെയേറെ സംഭാവനകൾ നല്കിയിട്ടുണ്ട്.

നാനാഭാഗത്തുനിന്നുള്ള അതിരൂക്ഷമായ ആക്ഷേപത്തിനും പരിഹാസത്തിനും ഒരേസമയം ശരവ്യനായെങ്കിലും, പില്ക്കാലത്ത് കവിയെന്നും ധാർമ്മികവാദിയെന്നും ചിന്തകനെന്നും അദ്ദേഹം പ്രശസ്തിനേടി. പാപത്തെക്കുറിച്ച് കവിതയെഴുതിയാലും കവിയാകും. പാപം ചെയ്തവനും പുണ്യവാനാകും—അത്രതന്നെ! ഇതിലൊക്കെ അധർമ്മം കണ്ടെത്തുകയും തങ്ങളൊഴിച്ച് മററുള്ളവരാരും തന്നെ പുണ്യവാന്മാരാകാതിരിക്കാൻ എല്ലാ സാദ്ധ്യതയുമുണ്ടെന്നുവിശ്വസിച്ചു കപടദിവ്യതയുടെ പെരുവയറുമായി കുന്തിച്ചു കുന്തിച്ചു നടക്കുകയും ചെയ്യുന്ന തെമ്മാടികളുടെ വാളുകൾ തകർത്തുകൊണ്ട് കാലത്തിൻെറയും സത്യത്തിൻെറയും ഊക്കൻ പ്രവാഹങ്ങൾ, ഹാ, എത്ര ശക്തിയായാണ് കടന്നുപോകുന്നത്! ഏതുതലമുറയെ സംബന്ധിച്ചും ബോദ്ലെയറുടെ നാമം അനശ്വരതയുടെ പര്യായമാകുന്നു. പക്ഷേ വർഗ്ഗീയസത്യങ്ങളുടെ പേരിൽ പ്രപഞ്ചശക്തിയെ അവഗണിച്ചവരാകട്ടെ, ബോദ്ലെ

യറെ "അസുരൻ" എന്നു് വിശേഷിപ്പിച്ചു.

സത്യത്തിന്റെ അവതരണത്തിൽ ഉൾപ്പുളകം പൂണ്ടിരുന്ന ഈ കവി ഒരു സമ്പൂർണ്ണ യാഥാസ്ഥിതികനുമായിരുന്നു. സമൂഹത്തെ ജനാധിപത്യവും സിഫിലിസ്സും ഒരുമിച്ചുബാധിച്ചുവെന്നദ്ദേഹം വാദിച്ചു. വിപ്ലവം മാനസികപരിവർത്തനത്തിന്റെ നന്മയിൽനിന്നു് ജന്മംകൊള്ളാത്ത കാലത്തോളം, അധാർമ്മിക ബന്ധങ്ങളുടെ ചുഴിക്കുത്തുകളിൽ വീണു് സംസ്കാരത്തിന്റെ ബാഹ്യവും ആന്തരികവുമായ ചൈതന്യം ശ്വാസംമുട്ടി മരിക്കുമെന്നദ്ദേഹത്തിനുറപ്പുണ്ടായിരുന്നു. ജനസമൂഹത്തിനു് തലകൾ പലതുണ്ടാവാം, പക്ഷേ തലച്ചോറു് കഷ്ടിയാണു് എന്ന സത്യം അനുഭവങ്ങളിൽനിന്നു് പഠിച്ചുകൊണ്ടു് വ്യക്തിപരമായ ഒരു ഊററത്തോടെ ലോകത്തെ വീക്ഷിക്കാൻ അദ്ദേഹം അധൈര്യപ്പെട്ടില്ല. പൊതുജനങ്ങളെ ആവോളം പുകഴ്ത്തി, അവരുടെ ക്ഷേമൈശ്വര്യങ്ങൾക്കു വേണ്ടിയാണു് തങ്ങൾ ജീവിക്കുന്നതെന്നു് കപടമായി അധരവ്യായാമം ചെയ്തു് പ്രശസ്തിയും ആദരവും ആരാധനയും നേടുന്ന വഞ്ചകരോടു് അദ്ദേഹത്തിനു് വെറുപ്പായിരുന്നു. ഈ വൻതിരുടന്മാരെപ്പോലെ മനഃസാക്ഷിയെ സ്വയം വെട്ടിവിഴുങ്ങി സ്വാർത്ഥകതല്പരരായി കഴിയാൻ മാത്രം വ്യക്തിത്വം നശിച്ചവനും അധമനുമായിരുന്നില്ല ബോദ്ലെയർ. അതുകൊണ്ടദ്ദേഹം അരുപിന്തിരിപ്പനായി ചിത്രീകരിക്കപ്പെട്ടു. അദ്ദേഹം റോമൻ കത്തോലിക്കാമതത്തിന്റെ ലക്ഷണമൊത്ത അംഗവും വിശ്വാസിയുമായിരുന്നതിനാൽ, ഈ അപവാദത്തിനു് പ്രാബല്യം വർദ്ധിപ്പിക്കാൻ അക്കാലത്തു് പ്രതിയോഗികൾക്കു് പ്രയാസവുമില്ലായിരുന്നു.

എങ്കിലും, കെട്ടിനിർത്തിയ ജലംപോലെ തളർച്ച

ബാധിച്ച മതവിശ്വാസിയായിരുന്നില്ല ഈ കവി. അടിസ്ഥാനപ്രമാണങ്ങളുടെ മാന്യതയും പരിശുദ്ധിയും കാര്യക്ഷമതയുമംഗീകരിച്ചതോടൊപ്പം പ്രൊട്ടസ്റ്റൻറുകളുടെ നീതിപൂർണ്ണമായ ചില ധാർമ്മികവാദങ്ങളോട് ഔദാര്യൗചിത്യങ്ങളോടുകൂടി ആഭിമുഖ്യം പ്രദർശിപ്പിക്കാനും അദ്ദേഹം തയ്യാറായി. അകംപുറമായ പ്യൂരിട്ടൻ (Puritan inside out) എന്ന് ബോദ്‌ലെയറെ വിളിക്കാൻ ഇതാണുകാരണം. ഇതൊക്കെത്തന്നെ ഉച്ഛൃംഖലമായ ഒരു വ്യക്തിത്വത്തിൻെറ, ശക്തിസമ്പൂർണ്ണവും ഉന്മേഷനിർഭരവും ഉജ്ജ്വലവുമായ ഒരു തനിക്കുതാൻപോരിമയുടെ, നിഗ്രഢവും പരിശുദ്ധവും ഉപദ്രവരഹിതവുമായ ഒരു അഹംഭാവത്തിൻെറ, ഉദ്ഘോഷ്ടാവിനെ പ്രസ്പഷ്ടമാക്കുന്നു.

ഇരുട്ടിൽ പാപംചെയ്തുകൊണ്ട് നീതിജ്ഞരും മഹാന്മാരുമായവർ, ചാവുദോഷങ്ങളുടെ അത്താണികളായ തങ്ങളെത്തന്നെ എറിഞ്ഞുവീഴ്ത്തേണ്ട കല്ലെടുത്ത് നിരപരാധികളുടെ നെഞ്ചുതകർത്തുകൊണ്ട് സിംഹാസനങ്ങൾ നേടിയവർ ഒക്കെത്തന്നെ ധാരാളമുണ്ടായിരുന്ന ഒരു ലോകം ബോദ്‌ലെയർ കണ്ടു. അവിടെ സഹജീവികളറിയാതെ തങ്ങൾചെയ്ത പാപങ്ങളെക്കുറിച്ചുപോലും ചിന്തിയ്ക്കാതിരുന്നവരുടെ ഇടയിൽ കുറെ തെററുകൾ തൻേറതായുണ്ടെന്ന് വെളിപ്പെടുത്താൻ ബോദ്‌ലെയർ അറച്ചില്ല. അതും ഒരു തരം അഹങ്കാരമായിരുന്നു—പരസ്യമായ കുമ്പസാരത്തിൻെറ നിറമുള്ള അഹംഭാവം! ചിലരിതിനെ മേനിനടിക്കലായി വ്യാഖ്യാനിച്ചു. പക്ഷേ, ഇങ്ങനെ പൊതുജനസമക്ഷം വിളമ്പാൻവേണ്ടി അദ്ദേഹം കൂടുതലായി പാപം ചെയ്തതായി, ചെയ്യാത്തതിനെക്കുറിച്ച് പൊങ്ങച്ചം പറഞ്ഞെന്നാക്ഷേപിച്ചവരാരും തെളിയിച്ചില്ല.

ബോദ്‌ലെയർ മനുഷ്യരെ കൂടുതൽ സ്നേഹിച്ചില്ല; അവരെ ഉദ്ധരിക്കാൻ പരിശ്രമിച്ചില്ല; അവരെ വെറുത്തുമില്ല. മാനുഷ്യകത്തിന്റെ പ്രവാചകനായോ ആത്മത്രാണപരായണനായോ ചരിത്രത്തിൽ തന്റെ നാമം രേഖപ്പെടുത്തണമെന്ന് അല്പംപോലും മോഹം ഉള്ളിൽ ജനിക്കാതെ അദ്ദേഹം സ്വയം സൂക്ഷിച്ചു. പക്ഷേ മാനവസമുദായത്തിന് അദ്ദേഹം നല്കിയ സംഭാവന, മററു പല കവികളുടേതിനെക്കാളും ഔന്നത്യമിയന്നതും മഹത്വമുള്ളതുമാകുന്നു. അവ വഴി ഫ്റഞ്ചുസാഹിത്യത്തിന്റെ തേജസ്സ് ശതഗുണീഭവിച്ചു: അവയിൽനിന്ന് ലോകസംസ്കാരത്തിന്റെ അന്തർദ്ധാരകൾ ഉന്മേഷം പകന്നെടുത്തു.

ബോദ്‌ലെയർ രാഷ്ട്രീയരംഗത്ത് പ്രവൎത്തിക്കാനാഗ്രഹിച്ചില്ല. എങ്കിലും, രാഷ്ട്രതന്ത്രത്തിന്റെ പേരിൽ കാപട്യവും കൈയ്യൂക്കും പ്രമാണിത്താഭാസവും ചുമന്ന്, സൎവ്വൎക്കും സ്വർഗ്ഗം സൃഷ്ടിച്ചുകൊടുക്കുന്ന നിൎമ്മാണ പ്രവൎത്തനത്തിൽ ആകണ്ഠം ആമഗ്നരാണെന്ന് നടിച്ചുനടന്ന തന്ത്രശാലികളോട് അദ്ദേഹത്തിന്ന് സ്നേഹമൊട്ടുമില്ലായിരുന്നു. രാഷ്ട്രീയത്തിലെ തെററുകൾ മനഃശാസ്ത്രപരമായ സമീപനമനുസരിച്ച് വ്യാഖ്യാനിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. കത്തുകളിലും ഡയറികളിലും ഇതിനെക്കുറിച്ച് സത്യസന്ധവും വിശദവുമായി അദ്ദേഹം അപഗ്രഥിച്ചിട്ടുണ്ട്. ദേശസേവനത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും മന്ത്രങ്ങൾ ഉരുവിട്ടുകൊണ്ട് ജനങ്ങൾക്കു രാഷ്ട്രീയസായൂജ്യം വാഗ്ദാനം ചെയ്തിരുന്ന ചെറുകിട തത്വചിന്തകർ, കൊച്ചു ബുദ്ധിജീവികൾ, ഇടത്തരം പത്രപ്രവൎത്തകർ, പാറിനടക്കുന്ന സാമൂഹ്യ നിരീക്ഷണ വിദഗ്ദ്ധർ, പ്രസംഗമാത്ര പ്രാണന്മാരായ രാഷ്ട്രീയനേതാ

ക്കന്മാർ ജ്ഞാനലവദുർവിദഗ്ദ്ധരായ രാഷ്ട്രതന്ത്രജ്ഞന്മാർ എന്നിവരെയൊക്കെ വിലയിരുത്തുവാൻ അദ്ദേഹം കുറെസ്സമയം വിനിയോഗിക്കുകയുണ്ടായി. ആ രേഖകൾ പലതും 1917-നും 1953-നുമിടയിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്.

ധാർമ്മികവാദിയായ ബോദ്‌ലെയറെക്കുറിച്ച് ബർജർ പറയുന്നു:

"ബോദ്‌ലെയറാണ് മുഷിച്ചിലിനെ ചാവുദോഷങ്ങളുടെ പട്ടികയിൽപ്പെടുത്തിയതു്. മഹാത്മാക്കളായ ധാർമ്മികവാദികളുടെ ഗണത്തിൽ ഈ നൂതനസംരംഭം അദ്ദേഹത്തിനു് ഒരു മികച്ച പദവി നേടിക്കൊടുത്തിരിക്കുന്നു. എങ്കിലും 'അസുരൻ' എന്ന പേരു് അദ്ദേഹത്തിനുലഭിച്ചു. ഈ മാനദണ്ഡപ്രകാരം വിധിച്ചാൽ, നമ്മെ നരകത്തിലാനയിച്ചതിനു് ഡാന്റേയും, യൗവ്വനകാലത്തെ തിന്മകളെക്കുറിച്ച് വിശദീകരിച്ചതിനു് വിശുദ്ധ അഗസ്റ്റിനും കുററപ്പെടുത്തപ്പെടേണ്ട വ രാ ണ്. തനിക്കില്ലായിരുന്ന സ്വഭാവമഹിമകൾ പടിപടിയായി നേടി, വിശുദ്ധ തോമസ് അക്വിനാസ് ദൈവത്തെക്കുറിച്ചുള്ള ജ്ഞാനത്തിൽ എത്തിച്ചേന്നതുപോലെ, വിശ്വാസസത്യങ്ങളിലല്ല, അനുഭവങ്ങളിൽ ഉറച്ചുനില്ക്കുന്ന ധീരനായ ഒരു കവിക്കു് പാപബോധത്തിൽ നിന്നുമാത്രമേ പുണ്യത്തെക്കുറിച്ചുള്ള അറിവു് സംലബ്ധമാക്കാൻ കഴിയൂ. ബോദ്‌ലെയറുടെ പൈശാചികത്വാഖ്യാനപ്രക്രിയയെ ഈ വെളിച്ചത്തിൽ വേണം നാം ദർശിക്കാൻ........ അദ്ദേഹം പാപത്തെ പിൻതുടരുന്നതു് അതിന്റെ വിപരീതഭാഗം കണ്ടെത്താനാണ്—ധാർമ്മികത്വത്തിന്റെ, ആത്മനാശം സംഭവിച്ച കാമുകൻ! ആവേശഭരിതനായ ഒരു മതപ്രചാരകന്റെ ആത്മാർപ്പണ വ്യ ഗ്ര ത യോ ടും,

വികാരപാരവശ്യത്തോടും കൂടിയാണു് അദ്ദേഹം തിന്മയിൽ പര്യവേഷണം നടത്തിയതു്. ഈ നിലയിലാണു് ബോദ്‌ലെയർ പുതിയ നാഗരികമായ ഒരു നരകം കണ്ടുപിടിച്ചതു്."

അനുഭവജന്യമായ ഈ ചിന്തകൾ ആത്മാവിൻെറയും ഹൃദയത്തിൻെറയും ഗൂഢ്റനയനങ്ങൾകൊണ്ടു് സമഗ്രമായി മനനംചെയ്തു്, പ്രതിഭാവിലാസത്തിൻെറ മരീചിവീചികളാലാസേചനവിധേയമാക്കി, തിളക്കമിയററി, സഹൃദയഹൃദയാഹ്ളാദകരമായി അദ്ദേഹം അവതരിപ്പിച്ചു. . ആ ശൈലി കാവ്യാത്മകതയുടെ പാരമ്യത്തെയുൾക്കൊണ്ടിട്ടുള്ളതാണു്. അതിൻെറ താളവും ലയവും മധുരോദാരവും ഉദാത്തഗംഭീരവുമാണു്. അതിൻെറ വശ്യത ആത്മാവിനെയും ഹൃദയത്തെയും ബോധാബോധമണ്ഡലങ്ങളെയും ലഹരിപിടിപ്പിക്കുന്നതാണു്. അതിലെ അധൃഷ്യമായ പരിഹാസരസത്തിൻെറ എരിവു്, തിന്മയുടെ സ്ഫടികാവരണമുള്ള മനുഷ്യജീവിതത്തിൻെറ ഉള്ളുപോലും കീറിപ്പിളക്കുന്ന വജ്രസൂചിയാണു്. ഇന്ദ്രലോകസന്നിഭമായ തത്ത്വചിന്താംശങ്ങളെപ്പോലും പുച്ഛരസത്തോടുകൂടിക്കാണാനേ , അദ്ദേഹത്തിൻെറ സ്വത്വം അനുവദിക്കുകയുള്ളു. എല്ലാം മിഥ്യയെന്നോ, മിക്കതും മിഥ്യയല്ലെന്നോ അദ്ദേഹം വിശ്വസിച്ചിരുന്നില്ല. ബോദ്‌ലെയറുടെ "തിന്മയുടെ പൂക്കളി"ലും ഗദ്യകവിതകളിലും വൈരാഗ്യമുണർത്തുന്ന ചൂടും, എടുത്തെറിഞ്ഞുകളയാൻ പ്രേരിപ്പിക്കുന്ന കയ്പും പലർ കണ്ടെത്തിയതും അതുകൊണ്ടാവാം. ഞെട്ടിപ്പിക്കുന്ന കാര്യങ്ങളേ അദ്ദേഹം മിക്കവാറും അവതരിപ്പിച്ചിട്ടുള്ളുവെന്നു് ശത്രുക്കളും മിത്രങ്ങളും പറയുന്നു. പക്ഷേ മധുരമായി, താളലയബദ്ധമായി, രസനിർഭരമായി, കാവ്യാത്മകമായി മാത്രം.

ഗദ്യകവിതകളെഴുതുന്നതിന് ബോദ്‌ലെയർക്ക് പ്രചോദനം പകന്നതു് തോമസ്സ് ഡിക്വൻസിയുടെയും എഡ്ഗാർ അല്ലൻ പോവിൻേറയും, അലോഷ്യസ്സ് ബർട്രൻഡിൻെറയും കൃതികളാണ്. ഡിക്വൻസിയുടെ "കറുപ്പുതീനി" (Opium Eater) അദ്ദേഹം തർജ്ജമചെയ്തിട്ടുണ്ട്. അല്ലൻപോവിന്റെ കവിതകൾവഴിയാണ് ബോദ്‌ലെയർക്ക് സിംബലിസത്തിൽ താല്പര്യമുണന്നതു് എന്നതും സത്യമാവാം. അതു് ബോദ്‌ലെയറെ മാത്രമല്ല, ഫ്രഞ്ചുസാഹിത്യത്തിലെ ആദ്യകാല സിംബലിസ്റ്റ് കവികളെ സംബന്ധിച്ചും വളരെ ശരിയാണെന്നഭിപ്രായമുണ്ടു്. ബോദ്‌ലെയറുടെ ഗദ്യകവിതകൾ അദ്ദേഹത്തിൻെറ മനോവ്യാപാരങ്ങളെയും ജീവിതത്തോടുള്ള തത്വചിന്താപരമായ സമീപനത്തെയും പ്രസ്പഷ്ടമാക്കുന്നു.

പാരിസിൽ 1821-ലാണ് ഈ മഹാകവി ജാതനായതു്. ബാല്യകാലത്തു്, പിതാവു് മരിക്കുകയാൽ മാതാവു് പുനർവിവാഹം നടത്തി. ലയൺസിലും പാരിസിലും അദ്ദേഹം പഠിച്ചു. ഇന്ത്യയിലേക്കുപോകാൻ ഒരു ശ്രമം നടത്തിയെങ്കിലും, അതിൽ പരാജയപ്പെട്ടു. 1841-മുതൽ കവിതയെഴുതാനാരംഭിച്ചു. 1857-ലാണ് 'തിന്മയുടെ പൂക്കൾ' പ്രസിദ്ധീകരിച്ചതു്. അവസാനകാലത്തെ സാഹിത്യസൃഷ്ടികളായിരുന്നു ഗദ്യകവിതകൾ. 1867-ൽ പാരിസിൽവച്ചു് ഈ പ്രതിഭാസമ്പന്നൻ നിര്യാതനായി.

പ്രൊഫസർ കാസാമിയാൻെറ ഭാഷയിൽ, "ബോദ്‌ലെയർ തൻെറ യുഗത്തിൻെറ സാധാരണചൈതന്യവും ലേബലുകളും അതിലംഘിച്ചുയന്ന ഒരു മഹാകവിയാണ്."

—*—

കന്തളരാജിയിൽ

ഒരു അർദ്ധപ്രപഞ്ചം

നിന്റെ തലമുടിയുടെ സുഗന്ധം, ഞാൻ അഗാധമായി ശ്വസിക്കട്ടെ; ദാഹാർത്തനായ മനുഷ്യൻ, കുളിർനീർ നിറഞ്ഞ അരുവിയിലെന്നപോലെ ഇതിൽ മുഖം മുഴുവൻ ഞാൻ മറയ്ക്കട്ടെ; സ്മരണകളെ വായുവിൽ ഉതിർത്തുന്നതിനു പരിമളവാഹിയായ ഒരു കൈലേസുപോലെ, കൈവിരലുകളിൽ പിടിച്ച് ഞാനതിനെ വീശിയുലയ്ക്കട്ടെ.

നിൻെറ പുരികാർകുഴലിൽനിന്നു് ഞാൻ കേൾക്കുന്നതെല്ലാം, ഞാൻ കാണുന്നതെല്ലാം, ഞാൻ അനുഭവിക്കുന്നതെല്ലാം, നിനക്കു് അറിയാമായിരുന്നെങ്കിൽ! എന്റെ ആത്മാവു് സുഗന്ധത്തിനുമുകളിൽ ഒഴുകിക്കൊണ്ടിരിക്കുന്നു—മററു് മനുഷ്യരുടെ ആത്മാവുകൾ സംഗീതത്തിലെന്നപോലെ.

പായ്മരങ്ങളും പായ്കളുമുള്ള, സമ്പൂർണ്ണമായ ഒരു സ്വപ്നം നിന്റെ കബരീഭാരം ഉൾക്കൊള്ളുന്നു. അതു് സംവഹിക്കുന്ന മഹാസമുദ്രങ്ങളിലെ മൺസൂൺവാതങ്ങൾ അഗാധവും നീലവർണ്ണാഞ്ചിതവുമായ ശൂന്യാകാശം എവിടെയാണോ, ഫലവർഗ്ഗങ്ങളാലും തരുലതാദികളാലും മനുഷ്യരുടെ ത്വക്കിനാലും അന്തരീക്ഷം പരിമളാന്വിതമായിരിക്കുന്നതെവിടെയാണോ അവിടത്തെ സുഖദമായ കാലാവസ്ഥയിലേക്കു് എന്നെ കൂട്ടിക്കൊണ്ടുപോകുന്നു.

നിൻെറ കുന്തളരാജിയിലെ രത്നാകരത്തിൽ വിഷാദഗാനങ്ങളാൽ മുഖരിതമായതും, എല്ലാരാഷ്ട്രങ്ങളിലെയും ഉന്മേഷ സമ്പന്നരായ ആളുകൾ ഉള്ളതും, നിത്യതാപം ഇളകിയടിക്കുന്ന വിശാലാംബരത്തിൻെറ പശ്ചാത്തലത്തിൽ സുന്ദരവും വിവിധ ശില്പകലാചൈതന്യംകൊണ്ടു് അനുഗൃഹീതവുമായി വിഭിന്നാകൃതിയിലുള്ള യാനപാത്രങ്ങൾ വിഹരിക്കുന്നതുമായ ഒരു തുറമുഖമുണ്ടെന്നു ഞാൻ സമഗ്രമായി ദർശിക്കുന്നു

നിൻെറ തലമുടിയുടെ പരിലാളനത്തിൽനിന്നു്, അഴകിയന്ന ഒരു കപ്പലിലെ പ്രധാനമുറിയിൽ, പൂപ്പാത്രങ്ങളുടെയും ജലസംഭരണികളുടെയും ഇടയിൽ ഒരു ഹംസധൂളീശയ്യയിൽ അമന്നു് ദീർഘങ്ങളായ വിനാഴികകളിൽ അനുഭൂതിയടയുന്നതുപോലെയുള്ള മാധുര്യം ഞാൻ ആസ്വാദിക്കുന്നു.

നിൻെറ വാർകുഴലിലെ ഹുക്കയിൽനിന്നു് കറുപ്പും പഞ്ചസാരയും കലർത്തിയ പുകയിലയുടെ ഗന്ധം ഞാൻ ശ്വസിക്കുന്നു; നിൻെറ കുന്തളരാജിയിലെ ഇരവിൽ ഉഷ്ണമേഖലാനീലിമ വെട്ടിത്തിളങ്ങുന്നതു് ഞാൻ കാണുന്നു.

നിൻെറ തലമുടിയുടെ നിമ്നമായ മണൽത്തിട്ടുകളിൽവച്ചു് താറിൻെറയും സംഗീതത്തിൻെറയും വെളിച്ചെണ്ണയുടെയും സങ്കരസുഗന്ധം സൃഷ്ടിച്ച ലഹരിയിൽ ഞാൻ മയങ്ങിപ്പോകുന്നു.

നിൻെറ കാർമുകിലിനെതിരായ നിബരീസാളകങ്ങളിൽ ഏറെനേരം ഞാൻ ദന്തമുദ്രപതിക്കട്ടെ. നീണ്ടുചുരുണ്ടു്, മന്മഥചാപമൊടിക്കുന്ന ഈ മുടിനാരിഴകളിൽ കടിക്കുമ്പോൾ, സ്മരണകൾ സൃഷ്ടിക്കുന്നതുപോലെയാണെനിക്കുതോന്നുന്നതു്.

ഏതാണ്

യഥാർത്ഥസത്യം?

എനിക്ക് ഒരിക്കൽ ഏതോ ഒരു ബെനഡിക്റ്റായെ അറിയാമായിരുന്നു; അവൾ, സങ്കല്പകാമിനിയുടെ സമ്പൂർണ്ണവശ്യതയാൽ ചുററുപാടിനെ നിറച്ചു. അവളുടെ മിഴികൾ മഹത്വം, സൗന്ദര്യം, പ്രശസ്തി തുടങ്ങി അനശ്വരതയിൽ നമുക്ക് വിശ്വാസം ജനിപ്പിക്കുന്ന എല്ലാ ഗുണങ്ങളിലും തൃഷ്ണയുള്ളവരാവാൻ മററുള്ളവരിൽ പ്രേരണചെലുത്തി.

ഈ അത്ഭുതകന്യക ദീർഘകാലം ജീവിച്ചിരിക്കത്തക്കവിധം അത്യധികം മനോഹരിയായിരുന്നുവെങ്കിലും ഞാനുമായി സന്ധിച്ച് ഏതാനും ദിവസം കഴിഞ്ഞപ്പോൾ മൃതിദേവതയാലപഹൃതയായി. വസന്തം, അതിന്റെ ധൂപക്കുററിയെ ശവക്കോട്ടയ്ക്കുള്ളിലേക്ക് ഊഞ്ഞാലാട്ടിക്കൊണ്ടിരിക്കുന്നയവസരത്തിൽ, ഒരു ദിവസം, ഞാനാണ് അവളെ സംസ്കരിച്ചത്. ഭാരതത്തിലെ ശവപ്പെട്ടികൾപോലെ, സുഗന്ധസമ്പൂർണ്ണമായി കുററമററ വിധത്തിൽ തടിയിൽ നിർമ്മിച്ച ഒരു പേടകത്തിൽ ഞാൻതന്നെയാണ് വളരെ ഭദ്രമായി അവളെ അടക്കം ചെയ്തത്.

എന്റെ സമ്പത്ത് മറഞ്ഞുകിടക്കുന്ന ആ സ്ഥലത്ത് എന്റെ മിഴികൾ തറച്ചുനില്ക്കുമ്പോൾ നിര്യാതയായ അവളോട് സാമ്യമുള്ള ഒരു കൊച്ചുരൂപം കാണാനിടയായി. ഭ്രാന്തവും സങ്കല്പാതീതവുമായ രോഷാവേശ

ത്തോടെ ആ കന്നിമണ്ണിൽ ചവിട്ടിത്തകൎത്തുകൊണ്ടു് തുട രെയുള്ള പൊട്ടിച്ചിരികൾക്കിടയിൽ അവൾ പറയുന്നു: "ഇതു ഞാനാണു്. യഥാൎത്ഥ ബെനഡിക്ടാ. ഇതു ഞാൻ തന്നെയാണു്—തികച്ചും നശിച്ചവൾ. നിങ്ങളുടെ പ്രണയ ഭ്രാന്തിനും വിഭ്രാന്തിക്കും ശിക്ഷയായി നിങ്ങൾ എന്നെ സ്നേഹിക്കണം: എന്നെപ്പോലെ."

പക്ഷേ, കോപത്തോടുകൂടി ഞാൻ അലറി: "ഇല്ല! ഇല്ല! ഇല്ല!" എൻെറ നിരസത്തിനു് തീക്ഷ്ണത വൎദ്ധി പ്പിക്കുവാൻവേണ്ടി മണ്ണിൽ രൂക്ഷമായി ഞാൻ ആഞ്ഞു ചവുട്ടി. ഇതാ, ആ ഭൗതികാവശിഷ്ടത്തിലേക്കു് എന്റെ പാദങ്ങൾ മുട്ടോളം കടന്നുപോയി; അങ്ങനെ കുരുക്കിൽ പെട്ട ചെന്നായെപ്പോലെ, സങ്കല്പകാമിനിയുടെ ശവകു ടീരത്തിൽ ഞാൻ എന്നെന്നേക്കും ബന്ധിതനായി കിട ക്കേണ്ടിവന്നു.

ചന്ദ്രികയുടെ

അനുഗ്രഹം

അസ്ഥിരചിത്തയായ ചന്ദ്രിക, നീ തൊട്ടിലിൽ കിടന്നുറങ്ങുമ്പോൾ, ജനാലയിലൂടെ നോക്കി, ഇങ്ങനെ പറഞ്ഞു: "ഞാൻ ഈ ശിശുവിനെ ഇഷ്ടപ്പെടുന്നു."

പിന്നെ മേഘഗോവണിവഴി സാവധാനം, ശബ്ദമില്ലാതെ ഇറങ്ങി അവൾ ജനലഴികൾ കടന്നു. ഒരമ്മയുടെ സ്നേഹസാന്ദ്രതയോടുകൂടി നിന്നെ ആലിംഗനം ചെയ്തുകൊണ്ട് തൻെറ വർണ്ണസുഷമ നിൻെറ വദനത്തിലേക്ക് ഒഴുക്കി. പിന്നെ എക്കാലവും നിൻെറ കണ്ണുകളിലെ കൃഷ്ണമണികൾ ഹരിതാഭവും, നിൻെറ കവിളിണകൾ ശോഭാപൂർണ്ണവുമായിത്തന്നെയിരുന്നു. ഈ സന്ദർശകയെ അഭിവീക്ഷിച്ചപ്പോഴാണ് നിൻെറ മിഴിദ്വയം ഇത്രമാത്രം വികസ്വരമായത്. മാത്രമോ, അത്യധികം സ്നേഹവാത്സല്യങ്ങളോടുകൂടി നിൻെറ കഴുത്തിൽ അവൾ കെട്ടിപ്പിടിച്ചതിനാൽ, വിമ്മിക്കരയാനുള്ള ആശ എക്കാലത്തേക്കും നേടുന്നതിന് നിനക്കു സാധ്യമായി.

ഏതായാലും, ആഹ്ളാദാധിക്യംമൂലം ചന്ദ്രിക, വെട്ടിത്തിളങ്ങുന്ന നീരാവിപോലെ, പ്രഭാപൂർണ്ണമായ വിഷംപോലെ, ആ മുറി സമ്പൂർണ്ണമാക്കി. ജീവിക്കുന്ന പ്രകാശമെല്ലാം ഇങ്ങനെ ചിന്തിക്കുകയും പറയുകയും ചെയ്തു: "എൻെറ ചുംബനത്തിൻെറ സ്വാധീനശക്തി നിന്നെ എന്നും ബാധിക്കും. എന്നെപ്പോലെ നീ സുന്ദരിയായിരിക്കും. ഞാൻ സ്നേഹിക്കുന്നതും എന്നെ സ്നേഹിക്കുന്നതുമായ എല്ലാത്തിനെയും നീ സ്നേഹിക്കും. മേഘങ്ങൾ,

നിശ്ശബ്ദത, ഇരവ്; അനന്തമായ ഹരിതസമുദ്രം; രൂപ മററതും വിവിധാകൃതിപൂണ്ടതുമായ നിർഝരികൾ; നീ പോകാനിടയില്ലാത്ത സ്ഥലം; നിനക്ക് അജ്ഞാതനായ കാമുകൻ; ഭയങ്കരാകൃതിയുററപൂക്കൾ, ബോധമൂർച്ഛ വരുത്തുന്ന സുഗന്ധവസ്തുക്കൾ; പിയാനോകളുടെമേൽ വിറച്ചുകരുങ്ങി ചുരുണ്ടുകിടക്കുകയും പെണ്ണുങ്ങളെപ്പോലെ പരുഷശാന്തമായ സ്വരത്തിൽ കരയുകയും ചെയ്യുന്ന പൂച്ചകൾ!"

"എൻെറ കാമുകന്മാരാലും നീ പ്രേമിക്കപ്പെട്ടും. എൻെറ കമിതാക്കൾ നിന്നെയും പരിണയിക്കും. പച്ചക്കണ്ണുകളും സ്നേഹപരിലാളനകൾക്കിടയിൽ എൻെറ ആശ്ലേഷത്തിനു വിധേയമായ കണ്ഠങ്ങളുമുള്ളവരുടെ രാജ്ഞിയായിരിക്കും നീ. സമുദ്രത്തെ, വിശാലവും അലമാലാകലാപപൂർണ്ണവും ഹരിതാഭവുമായ മഹാർണ്ണവത്തെയും, രൂപമററതും വിവിധാകൃതിയുള്ളതുമായ അരുവികളെയും, തങ്ങൾ പോയിട്ടില്ലാത്ത സ്ഥലങ്ങളെയും, തങ്ങൾക്കജ്ഞാതരായ സ്ത്രീകളെയും, സ്നേഹിക്കുന്ന പുരുഷന്മാർ നിൻെറ മഹാറാണിപ്പട്ടം അംഗീകരിക്കും. ഒരു നല്ലമതത്തിൻെറ ധൂപക്കുററിപോലെയുള്ള വിരൂപപുഷ്പങ്ങൾ ചൊരിയുന്നതും മനസ്സിനെ ആവരണംചെയ്യുന്നതുമായ പരിമളദ്രവ്യങ്ങളുടെ, അവരുടെ ഭ്രാന്തിൻെറ പ്രതീകങ്ങളായ പിശിതാശനഹിംസ്രജന്തുക്കളുടെ രാജ്ഞിയായിരിക്കും നീ. അതുകൊണ്ട്, എൻെറ പ്രിയപ്പെട്ട, ശപിക്കപ്പെട്ട, നശിച്ച കുട്ടീ, ഭയജനകമായദിവ്യതയുടെ ഭ്രാന്തന്മാർക്കുവിഷപ്പാൽ നല്കുന്ന ഒരുവളത്തമ്മയുടെ ഭാവിജ്ഞാനമുള്ള ആ വിശ്വാത്മികയുടെ, പ്രതിഫലനം നിൻെറ വ്യക്തിത്വത്തിനുള്ളിൽ അന്വേഷിച്ചുകൊണ്ട് ഞാനെന്തിനിപ്പോൾ നിൻെറ പാദാന്തികത്തിൽ കിടക്കുന്നു.

പാവങ്ങളെ

അടിച്ചുവീഴ്ത്തുക

രണ്ടാഴ്ചയായി ഞാൻ എൻെറ മുറിയിൽത്തന്നെ ഒതുങ്ങി, അക്കാലത്തെ (പതിനാറോ പതിനേഴോ വർഷങ്ങൾക്കുമുമ്പ്) പരിഷ്കൃത ഗ്രന്ഥങ്ങളാൽ ആവൃതനായി കഴിച്ചുകൂട്ടുകയാണ്. ജനങ്ങളെ ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ സന്തുഷ്ടരും ജ്ഞാനികളും സമ്പന്നരുമാക്കുന്ന കലയെക്കുറിച്ചു പ്രതിപാദിച്ചിട്ടുള്ള പുസ്തകങ്ങളുടെ കാര്യമാണ് ഞാൻ പറയുന്നതു്. ഞാൻ അവയെല്ലാം ഗ്രഹിച്ചു; മൊത്തത്തിൽ വിഴുങ്ങി. പൊതുജനത്തിൻെറ കോൺട്രാക്ടർമാരുടെ, അടിമകളായിത്തീരാൻ പാവപ്പെട്ടവരെ ഉപദേശിക്കുന്നവരുടെ, അവരെല്ലാം സിംഹാസന ഭ്രഷ്ടരാക്കപ്പെട്ട രാജാക്കന്മാരായതിനാൽ, അവരെ പിന്തുടരുന്നവരുടെ, കൃതികൾ. അതുകൊണ്ടു് എൻെറ മനസ്സ് മിക്കവാറും ഭോഷത്തത്തിലോ തലതിരിച്ചിലിലോ എത്തിച്ചേർന്നു എന്നുപറയുമ്പോൾ ആരും അതിശയിക്കരുതു്.

ഒരു കാര്യം മാത്രം അനുഭവപ്പെട്ടുവെന്നുതോന്നി. എൻെറ പ്രതിഭയുടെ അഗാധതലങ്ങളിൽ എല്ലാ കിഴവികളുടെയും വേദാന്തസംഗ്രഹങ്ങളെക്കാൾ (അതുസംബന്ധമായ ഒരു നിഘണ്ടു ഞാൻ ഈയിടെ പഠിക്കുകയുണ്ടായി) ഉന്നതമായ ഒരു ആശയത്തിൻെറ നിഗൂഢബീജം മറഞ്ഞുകിടക്കുന്നു. പക്ഷേ ഇതു് ഒരാശയത്തിൻെറ ആശയത്തിൽക്കവിഞ്ഞ ഒന്നുമായിരുന്നില്ല — അനന്തമായ അവ്യക്തതയുള്ള ഏതോ ഒന്നു്.

ദാഹം തോന്നി, ഞാൻ പുറത്തേക്കിറങ്ങി. ദുഷിച്ച സാഹിത്യത്തിലുള്ള അദമ്യമായ ആഹ്ളാദമോഹം അതിനനുസൃതമായ അളവിൽ ശുദ്ധവായുവും നന്മരസവും ആവശ്യമാക്കിത്തീക്കും.

ഞാൻ ഒരു മദ്യശാലയിൽ കയറാൻ തുടങ്ങുമ്പോൾ ഒരു യാചകൻ, ആത്മാവിന്ന് വസ്തുവിനെ നീക്കാനും ഐന്ദ്രജാലികന്ന് കണ്ണുകൊണ്ടു് ഉണക്കമുന്തിരിയെ പഴുപ്പിക്കാനും കഴിയുമെങ്കിൽ, സിംഹാസനങ്ങളെപ്പോലും തകൎക്കാൻ പോരുന്ന അവിസ്മരണീയമായ ആ ഒരു നോട്ടത്തോടുകൂടി, തൊപ്പിയെടുത്തു് എന്റെ നേരെ നീട്ടി.

ആ നിമിഷത്തിൽത്തന്നെ ഒരു ശബ്ദം എന്റെ കാതുകളിൽ വന്നുമുട്ടി—എനിക്കു് വളരെവേഗം തിരിച്ചറിയാൻ കഴിയുന്ന ഒരു സ്വരം; അതു് എന്നെ എല്ലായിടത്തും അനുഗമിക്കുന്ന ഒരു നല്ല ദേവദൂതന്റെയൊ അഥവാ ഒരു നല്ല യക്ഷിയുടെയോ ആയിരുന്നു. സോക്രട്ടീസിന്ന് അദ്ദേഹത്തിന്റേതായി ഒരു നല്ല യക്ഷിയുള്ളപ്പോൾ, എനിക്കു് എന്തുകൊണ്ടു് നല്ല ഒരു മാലാഖയുണ്ടായിരുന്നുകൂടാ? സോക്രട്ടീസിനെപ്പോലെ, മിടുക്കനായ *ലെലൂത്തു്, ബുദ്ധിമാനായ ബെയ്ലാർജർ എന്നിവരിൽനിന്നു് ഭ്രാന്തിന്നു് സർട്ടിഫിക്കററു നേടുകയെന്ന ബഹുമതിക്കു് എനിക്കെന്തുകൊണ്ടു് അൎഹനായിക്കൂടാ?

---

* ഡാ: ലെലൂത്തു്:—സോക്രട്ടീസിന്റെ യക്ഷി (Du Demon de Socrates) എന്ന ഗ്രന്ഥംവഴി ഒരു പുതിയ തത്ത്വം അദ്ദേഹം ആവിഷ്കരിച്ചു. മനഃശാസ്ത്രപരമായ തത്ത്വവിജ്ഞാനത്തിലൂടെ സോക്രട്ടീസിന്റെ പ്രതിഭ

48892

സോക്രട്ടീസിൻെറ യക്ഷിക്കും എൻെറതിനും ഇങ്ങനെ വ്യത്യാസമുണ്ടു്: പിന്തിരിപ്പിക്കുന്നതിനു്, മുന്നറിയിപ്പു നല്കുന്നതിനു്, തടസ്സപ്പെടുത്തുന്നതിനു് സോക്രട്ടീസിൻേറതായ പ്രേതശക്തി ശ്രമിക്കുമ്പോൾ, എൻെറതു് ഉപദേശിക്കുകയും നിർദ്ദേശമരുളുകയും പിന്തുടരുകയും ചെയ്യുന്നു. പാവം സോക്രട്ടീസിൻെറതു് നിരോധിക്കുന്ന ഭൂതശക്തിയാണു്. എൻെറതു് ദൃഢമനസ്കൻ ആകുന്നു. എൻെറതു് പ്രവർത്തനത്തിൻെറ യക്ഷിയാകുന്നു; എൻെറതു് മത്സരത്തിൻെറ ഭൂതമാകുന്നു.

ശരി, അതു് ഇങ്ങനെ പറഞ്ഞു:"മറെറാരുവനോടു് തുല്യൻ, അതു് തെളിയിക്കുന്നവൻ മാത്രമാണു്; സ്വാതന്ത്ര്യത്തിനു് അർഹൻ, അതു് പിടിച്ചെടുക്കുന്നവൻ മാത്രം."

പൊടുന്നനെ, ഞാൻ യാചകൻെറ നേരെ, കുതിച്ചുചാടി. മുഷ്ടി ഉപയോഗിച്ചുള്ള ഒരൊററയിടികൊണ്ടു് ഞാനവൻെറ ഒരു കണ്ണുതകർത്തു; ഒരു നിമിഷത്തിനുള്ളിൽ അതു് ഒരു ടെന്നിസ് പന്തുപോലെ വീർത്തു. അവൻെറ രണ്ടുപല്ലു് തകർത്തതുമൂലം എൻെറ ഒരു കൈവിരലിലെ നഖം ചതഞ്ഞുപോയി. ദുർബലനായി

യെ അതിൽ അപഗ്രഥിച്ചിട്ടുണ്ടു്. ഡാ: റെനി ലാഫോർജും ബോദ്ലെയറെക്കുറിച്ചു് ഈ വിധമൊരു തത്ത്വം ആവിഷ്കരിക്കുകയുണ്ടായി. (Laforgue: L'Echec de Baudelaire)

ഡോ: ബെയ്ലാർജർ–മാനസിക രോഗങ്ങളെക്കുറിച്ചു് പ്രഥിതങ്ങളായ അനേകം ഗ്രന്ഥങ്ങൾ രചിച്ച മഹാൻ.

Essai de classification des Maladies Mentales. (1854) etc:

ജനിക്കുകയും ബോക്സിങ്ങിൽ വലിയ പരിചയമില്ലാതിരിക്കുകയും ചെയ്യുതിനാൽ എനിക്കു് ത്ധടുതിയിൽ ഈ വൃദ്ധനെ അടിച്ചുനിലംപതിപ്പിക്കുന്നതിനു് കരുത്തില്ലെന്നു സംശയമുണ്ടായി; അതുകൊണ്ടു് ഒരു കൈയുപയോഗിച്ചു് അവൻെറ കോളറിൽ പിടിക്കുകയും മറേറ കൈകൊണ്ടു് അവൻെറ കഴുത്തു് അമത്തുകയും ചെയ്തു. ഭിത്തിയിൽ അവൻെറ തല ഞാൻ ശക്തിയായി പിടിച്ചിടിച്ചു. ഒരു കാര്യം ഞാൻ തുറന്നുപറയട്ടെ: ഒരു സിംഹാവലോകനംവഴി ആദ്യംതന്നെ ചുററുപാടൊന്നു പരിശോധിക്കുകയും ഏകാന്തവിജനമായ ഈ സ്ഥലത്തു് വളരെനേരത്തേക്കു് പോലീസുകാരാരും എന്നെ പിടികൂടുന്നതിനു് എത്തിച്ചേരുകയില്ലെന്നു ഞാൻ നിശ്ചയംവരുത്തുകയും ചെയ്തിരുന്നു.

അതിനുശേഷം അവൻെറ തോളെല്ലുകൾ തകരുന്നതിനു് മുതുകിൽ ആഞ്ഞുചവിട്ടി, ദുർബ്ബലനായ ആ പ്രതിയോഗിയെ ഞാൻ തറയിലിട്ടു. കനമുള്ള ഒരു വലിയ മരക്കൊമ്പു് ഒടിച്ചെടുത്തു്, ഇറച്ചികൊത്തി മാവാക്കുന്ന പാചകവിദഗ്ദ്ധൻെറ ഉന്മേഷത്തോടെ ഞാനവനെ ആഞ്ഞടിച്ചു. പൊടുന്നനെ—ഓ അത്ഭുതം! തൻെറ തത്ത്വത്തിൻെറ മഹത്ത്വം പരിശോധിച്ചുവെളിപ്പെടുത്തിയ മഹാജ്ഞാനിയ്ക്കു് ആഹ്ളാദമുണ്ടാകട്ടെ!—ഈ പഴഞ്ചൻ ജഡം, തികച്ചും തകർത്തുതരിപ്പണമാക്കിയ ഒരു യന്ത്രത്തിൽനിന്നു് ഒരിക്കലും പ്രതീക്ഷിക്കാനാവാത്ത ആത്മാവേശത്തോടെ നിവർന്നെണീററു് ശുഭസൂചകമെന്നെനിക്കുതോന്നിയ സ്പർദ്ധനിറഞ്ഞ ഒരു നോട്ടത്തോടെ, ജരാനരബാധിച്ച ഈ ക്രൂരൻ, എൻെറ നേരെ കുതിച്ചുചാടി. എൻെറ കണ്ണുകൾ രണ്ടും അവൻ ഇടിച്ചുചതച്ചു; എൻെറ നാലുപല്ലു് തകർത്തു; ആ മരച്ചില്ലകൊണ്ടു്

പ്ലാസ്റ്റർപോലെ മൃദുവാകുന്നതുവരെ എന്നെ തല്ലി; ആത്മശക്തിസംവേദകമായ എൻെറ വൈദ്യചികിത്സ വഴി അങ്ങനെ, ഞാനവന്ന് അഭിമാനവും ജീവിതവും വീണ്ടെടുത്തുകൊടുത്തിരിക്കുന്നു.

ഈ ചച്ച് അവസാനിച്ചതായി ഞാൻ പരിഗണിക്കുന്നുവെന്നതിന്ന് പലപ്രാവശ്യം സൂചനനല്കിക്കൊണ്ട് ഒരു ചാരുകസാലവേദാന്തിയുടെ സംതൃപ്തിയോടെ അവനോടു ഇപ്രകാരം പ്രഖ്യാപിച്ചു:

"പ്രഭോ, അങ്ങ് എനിക്കുതുല്യനാണ്; ദയവായി എൻെറ സമ്പാദ്യത്തിൽ ഒരു പങ്ക് സ്വീകരിച്ച് എന്നെ സംതൃപ്തനാക്കിയാലും! മാത്രമല്ല, അങ്ങ് ഒരു യഥാത്ഥ മനുഷ്യസ്നേഹിയാണെങ്കിൽ, നിങ്ങളുടെ സഹപ്രവത്തകരോട്, അവർ ഭിക്ഷയാചിക്കുമ്പോൾ, നിങ്ങളുടെ മുതുകിൽ ഞാൻ ആവേശപൂവ്വം പരീക്ഷിച്ചുനോക്കിയ ആദശം നടപ്പിലാക്കുവാൻ ഓക്കണം."

അയാൾ അതിൽ എതിപ്പുകാട്ടി; എങ്കിലും എൻ്റെ തത്ത്വം മനസ്സിലായി. ഇനി എൻെറ ഉപദേശം സ്വീകരിക്കുകയും ചെയ്യും.

വൃദ്ധയുടെ

നൈരാശ്യം

ജരാനരാപീഡിതയായി കൂനപിടിച്ച ആ വൃദ്ധയ്ക്കു് ആരും താലോലിച്ചുല്ലസിപ്പിക്കാനിച്ഛിക്കുന്ന, ആരും ആനന്ദിപ്പിക്കാൻ ശ്രമിക്കുന്ന ആ കൊച്ചുകുട്ടിയെക്കണ്ടപ്പോൾ ആഹ്ലാദാധിക്യമനുഭവപ്പെട്ടു. ആ ചെറിയജീവി തന്നെപ്പോലെതന്നെ ദുർബലശരീരത്തോടുകൂടിയതാണു്; തന്നെപ്പോലെതന്നെ അതിനു് പല്ലുകളോ തലമുടിയോ ഇല്ല.

പുഞ്ചിരിതൂകാനും വദനത്തിൽ സന്തോഷം പകർന്നു കാട്ടാനുമാശിച്ചുകൊണ്ടു് അവൾ കുട്ടിയെ സമീപിച്ചു.

ഭയന്ന കുട്ടി, വാർദ്ധക്യത്താൽ ക്ഷീണിതയായ ആ നല്ല സ്ത്രീയുടെ ലാളനങ്ങളിൽനിന്നു പിടഞ്ഞുമാറി. അതു് ദീനരോദനംകൊണ്ടു് ഭവനം മുഖരിതമാക്കി.

ദയാലുവായ വൃദ്ധ അവളുടെ ശാശ്വതമായ ഏകാന്തമൂകതയിൽ അഭയം പ്രാപിച്ചു. ഒരു മൂലയിലിരുന്നു് അവൾ സ്വയം പരിതപിച്ചു. "ഓ! ശപിക്കപ്പെട്ട വൃദ്ധകളായ ഞങ്ങൾക്കു്, നിരപരാധികളാണെങ്കിൽ, വാത്സല്യം ചൊരിയാൻ കഴിയുമായിരുന്നതു് ഭൂതകാലത്താണു്. ഞങ്ങൾ സ്നേഹിക്കാനിഷ്ടപ്പെടുന്ന ആ കൊച്ചുകുട്ടികളുടെ ഉള്ളിൽ ഇപ്പോൾ ഞങ്ങൾക്കു് ഭയംനിറയ്ക്കാനേ സാദ്ധ്യമാവുന്നുള്ളു."

മദ്യപിക്കുക!

ഒരുവൻ എപ്പോഴും കുടിക്കണം. അതാണുവേണ്ടതു്; അതാണു് സമ്യക്കായ പ്രശ്നം. നിങ്ങളുടെ ദോർദണ്ഡങ്ങളെ തകൎക്കുകയും നിങ്ങളെ അവനമ്രനാക്കുകയും ചെയ്യുന്ന കാലത്തിൻെറ ഭയങ്കരമായ ഭാരം അനുഭവപ്പെടാതിരിക്കണമെങ്കിൽ, നിരന്തരം മദ്യപിക്കുക.

പക്ഷേ എന്തുപയോഗിച്ചു്? വീഞ്ഞു്, കവിത; അല്ലെങ്കിൽ ഇഷ്ടമുള്ളതു തെരഞ്ഞെടുക്കുക. എന്തായാലും കുടിക്കണം.

ഒരു പക്ഷേ, ചിലസമയത്തു്, ഒരു രാജകീയ മന്ദിരത്തിൻെറ പടികളിൽ, അരുവിക്കരയിലെ പുൽത്തകിടിയിൽ, സ്വന്തമുറിയിലെ അസന്തുഷ്ടികരമായ ഏകാന്തതയിൽ, ലഹരി കുറയുകയോ അതു മാഞ്ഞുപോകുകയോ ചെയ്യുമ്പോൾ, നിങ്ങൾ ഉണൎന്നെഴുന്നേല്ക്കും; അപ്പോൾ കാററിനോടും അലമാലകളോടും, നക്ഷത്രത്തോടും ഘടികാരത്തോടും, പറക്കുകയും മന്ദനാദമുയൎത്തുകയും ഭ്രമണം ചെയ്യുകയും ഗാനമാലപിക്കുകയും സംസാരിക്കുകയും ചെയ്യുന്നതേവയാണോ, അവയോടെല്ലാം സമയമിതേതു് എന്നുചോദിക്കുക. പവനനും തിരയും താരവും പക്ഷിയും ഘടികാരവും ഇങ്ങനെ മറുപടിനല്കും: "ഇതു് മദ്യപിക്കാനുള്ള അവസരമാണു്! കാലത്തിൻെറ അടിമത്തം പേറുന്ന രക്തസാക്ഷികളാകാതിരിക്കാൻ, നിങ്ങൾ കുടിക്കുക, മധുവാസ്വദിക്കുക; വിശ്രമിക്കരുതു്! വീഞ്ഞു്, കാവ്യം, നന്മ ഇവയിൽ നിങ്ങൾ തെരഞ്ഞെടുക്കുന്നതേതോ അതുകൊണ്ടു്.

സൂപ്പും

മേഘങ്ങളും

ഭ്രാന്തിയായ എന്റെ പ്രിയതമ എനിക്കു് അത്താഴം വിളമ്പുകയായിരുന്നു. ഭക്ഷണമുറിയുടെ തുറന്നുകിടന്ന വാതായനത്തിലൂടെ, ജലശീകരങ്ങൾകൊണ്ടു് ജഗന്നിയന്താവു് രചിച്ച ചലനാത്മകങ്ങളായ ആ കലാശില്പങ്ങൾ, വിദൂരതയിൽവച്ചു് അവ്യക്തമായിമാത്രം നിരീക്ഷിക്കാവുന്ന ആ അനുപമമനോഹരസൃഷ്ടികൾ, ഞാൻ ആസ്വദിച്ചുകൊണ്ടുനിന്നു. ആ ഏകാഗ്രധ്യാനത്തിനിടയിൽ ഞാൻ എന്നോടുതന്നെ ഇങ്ങനെ പറഞ്ഞു: "സ്വർഗ്ഗീയ സുഷമയുടെ ആ അനവദ്യദൃശ്യങ്ങൾ എന്റെ ഓമനയുടെ, ഹരിതനയനങ്ങളോടുകൂടിയ ആ ഭയങ്കരഭ്രാന്തിപ്പെണ്ണിന്റെ, മിഴികൾപോലെ വശ്യമത്രെ."

പെട്ടെന്നു് എന്റെ മുകളിൽ ഉഗ്രമായ ഒരിടിയേററു. മധുരവും പരുഷവുമായ ഒരു ശബ്ദം, ഒരു ഞരമ്പുരോഗിയുടേതുപോലെ, ബ്രാണ്ടിവിഴുങ്ങി വരണ്ടുപോയ ഒരു കണ്ഠസ്ഥലിയിൽനിന്നെന്നവിധം, ഒരു മുഴക്കം ഞാൻ കേട്ടു. സുന്ദരിയായ എന്റെ പൊന്നോമനയുടെ നാദം: അവൾ പറയുകയാണു്: "കൊള്ളാം, ഇതുവരെ നിങ്ങൾ സൂപ്പുകഴിച്ചില്ലേ? ന......ഏതോ മേഘക്കൊതിയന്റെ കള്ളക്കാവൽക്കാരൻ."

പരിവേഷ നഷ്ടം!

എന്തു്! പ്രിയപ്പെട്ട പ്രഭോ, അങ്ങു് ഇവിടെയോ? അങ്ങു് ഈ നശിച്ചസ്ഥലത്തു് എത്തിയോ? സച്ചിദാനന്ദനും അമൃതാശനനുമായ ഭവാൻ? ഞാൻ അത്യധികം അത്ഭുതപരതന്ത്രനാകുന്നു!

"എൻെറ പ്രിയപ്പെട്ട സുഹൃത്തേ, എൻെറ തുരഗങ്ങളുടേയും രഥങ്ങളുടേയും ഭീകരത നിങ്ങൾക്കറിയാമല്ലൊ. കുറച്ചുമുമ്പു്, പവനവേഗതയിൽ രാജകൊട്ടാരത്തിൻെറ അങ്കണം മുറിച്ചു് മരണം അഷ്ടദിക്കുകളിൽനിന്നും കുതിച്ചുകയറുന്ന അസ്വസ്ഥപൂർണ്ണമായ ഈ നരകബഹളത്തിനിടയിലൂടെ പങ്കജഡിലമായ പ്രദേശം തരണം ചെയ്യുമ്പോൾ, ഒരു വെട്ടിത്തിരിയലിനിടയിൽ എൻെറ ശിരസ്സിൽനിന്നു് പ്രഭാപരിവേഷം ലോഹത്തെരുവിലെ ചെളിയിൽ വീണുപോയി. അതു് തിരിച്ചെടുക്കുവാൻ എനിക്കു് ധൈര്യമുണ്ടായില്ല. എൻെറ അസ്ഥികൾ തകക്കുന്നതിനെക്കാൾ, പരിവേഷം നഷ്ടപ്പെടുന്നതു് അഭിലഷണീയമെന്നു ഞാൻ ചിന്തിച്ചു. മാത്രമല്ല, യാതൊരു നിർഭാഗ്യങ്ങളും അതിൻെറതന്നെ സാന്ത്വനം സംയോജിതമല്ലാതെയില്ലായെന്നും എനിക്കുതോന്നി. അപ്പോൾ മുതൽ സാധാരണ മനുഷ്യരെപ്പോലെ നിഗൂഢനാമാവായി സഞ്ചരിക്കാനും നിസ്സാരപ്രവൃത്തികൾ ചെയ്യാനും തിന്മകളനുഷ്ഠിക്കാനും എനിക്കു് കഴിവുണ്ടായി. അങ്ങനെ ഞാനിവിടെവന്നു; നിങ്ങൾ കാണുന്നില്ലേ, നിങ്ങളെപ്പോലെതന്നെയുള്ള ഒരു മനുഷ്യൻ."

തുറമുഖം

സംസാരസംഗ്രാമത്തിൽനിന്ന് ക്ഷീണമനുഭവിക്കുന്ന ആത്മാവിന് ഒരുതുറമുഖം, ആഹ്ലാദകരമായ വിശ്രമസങ്കേതമാണ്. അംബരമണ്ഡലത്തിന്റെ വിശാലത, മേഘങ്ങളുടെ ചലനാത്മകമായ ശില്പസൗഭാഗ്യം, സമുദ്രത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന വർണ്ണവൈവിധ്യം, ദീപങ്ങളുടെ മിന്നിത്തിളക്കം എന്നിവയെല്ലാം ക്ലിഷ്ടരഹിതമായി മിഴികളെ രസിപ്പിക്കാനുതകുന്ന സ്ഫടികരാജിയാണ്. യാനപാത്രങ്ങളുടെ ദീർഘായതരൂപവും, അവയുടെ വൈവിധ്യപൂർണ്ണമായ തൊട്ടിലാട്ടവും, ആ നൃത്തത്തിന് വേലിയേററവും ഇറക്കവും നല്കുന്ന ഏകതാനവും മധുരവുമായ താളക്രമവും ആത്മാവിൽ അഴകിനോടും മേളപരിക്രമത്തോടും ഒരു അഭിരുചിയുണർത്തും. സർവ്വോപരി, ജിജ്ഞാസയോ ആകാംക്ഷയോ ഇല്ലാത്ത മനുഷ്യന് നിഗൂഢവും കുലീനവുമായ ഒരു ആനന്ദമനുഭവിക്കാൻ അവിടെ സാധ്യമാണ്; തുറമുഖത്തിന്റെ പുറഭാഗങ്ങളിലെ തട്ടുപടികളിലും വിജനമേഖലകളിലും കിടന്നും നിന്നും വിശ്രമിക്കുമ്പോൾ, കടന്നുപോകുകയും കയറിവരുകയും ചെയ്യുന്ന മനുഷ്യരുടെ ചലനങ്ങൾ, മോഹം പുലത്താൻ കരുത്തുള്ളവരുടെ ഉള്ളിൽ, യാത്രചെയ്യാനോ, സ്വയം സമ്പന്നരാവാനോ ഉള്ള ആഗ്രഹം ജനിപ്പിക്കും.

പാവങ്ങളുടെ

കണ്ണുകൾ

ഇപ്പോൾ ഞാൻ നിന്നെ വെറുക്കുന്നതെന്തെന്ന് അറിയാൻ നിനക്കാഗ്രഹമുണ്ടാവും. അതു് ഞാൻ നിനക്ക് വിശദീകരിച്ചുതരുന്നതിനെക്കാൾ നീ സ്വയം മനസ്സിലാക്കുന്നതാണ് എളുപ്പമെന്നതിൽ യാതൊരു സംശയവുമില്ല; എന്തെന്നാൽ നീ, സ്ത്രൈണാവധാരണശക്തിയുടെ, കണ്ടെത്താവുന്നതിൽവച്ചേററവും മികച്ച ഉദാഹരണമാണെന്ന് ഞാൻ വിചാരിക്കുന്നു.

നാം ഒരുമിച്ച് ദീർഘമായ ഒരു ദിവസം ചെലവഴിച്ചുകളഞ്ഞു—എനിക്ക് അതു് തീരെ ചെറുതെന്നുതോന്നി. നാം ഒരുമിച്ച് ചിന്തിക്കുമെന്നും, അങ്ങനെ നമ്മുടെ ആത്മാക്കൾ ഒന്നായി കഴിയുമെന്നും ആദ്യം പ്രതിജ്ഞ ചെയ്തിരുന്നതാണ്. എന്തെല്ലാമായാലും മൗലികമായി യാതൊന്നുമില്ലാത്ത, ഓരോ മനുഷ്യനും കാണുന്നുവെങ്കിലും ആരും മനസ്സിലാക്കിയിട്ടില്ലാത്ത ഒരു സ്വപ്നം!

സായംവേളയിൽ, അല്പമൊന്നു ക്ഷീണിച്ചപ്പോൾ ഒരു മണിമന്ദിരനിരയുടെ കോണിലുള്ള കഫേയ്ക്കു മുമ്പിൽ ഇരിക്കാൻ ആഗ്രഹിച്ചു—അപൂർണ്ണമായ ധാടിയും മോടിയും അത്യുജ്ജ്വലമായി പ്രദർശിപ്പിക്കുന്ന, വെണ്മയിയന്ന ഒരു കേന്ദ്രം. കഫേ മിന്നിത്തിളങ്ങി. ദീപജാലങ്ങൾ, പുതുമയുടെ വശ്യതമുഴുവൻ തെളിച്ചുകാട്ടി; കണ്ണഞ്ചിപ്പിക്കുന്നവിധം ധവളിമപൂണ്ട ഭിത്തികളെയും കത്തിപ്പടരുന്നതുപോലെ നില്ക്കുന്ന നിലക്കണ്ണാടികളെ

യും, ഭിത്തികളുടെ ഉപര്യഗ്രങ്ങളിൽ അലങ്കാരത്തിനു പതിച്ചിരിക്കുന്ന സ്വർണ്ണപാളികളെയും അതു ജാജ്വല്യമാനമാക്കുന്നു: നായ്ക്കളെ ചങ്ങലയിൽ തളച്ചുപിടിച്ചിരിക്കുന്ന ഭൃത്യബാലന്മാർ; കൈവിരൽത്തുമ്പുകളിൽ വന്നിരിക്കുന്ന കഴുകന്മാരോടു പുഞ്ചിരിതൂകുന്ന സ്ത്രീകൾ; ശിരസ്സിൽ ഫലമൂലങ്ങളും തന്ത്രവും എടുത്തുകൊണ്ടുവരുന്ന അപ്സരരമണികളും ദേവതകളും; ബവേറിയൻ മാതൃകയിൽ അലങ്കരിച്ച ചെറിയ പാത്രങ്ങളിൽനിന്ന്, അല്ലെങ്കിൽ ദ്വിവർണ്ണമിയന്ന സ്ഫടികഭാജനങ്ങളിൽനിന്ന് നീട്ടിയ കരങ്ങളാൽ ലഹരിപകരുന്ന ഹീബ്സും ഗാനിമീഡ്സും; മുഴുവൻ ചരിത്രവും എല്ലാ പുരാണങ്ങളും അനുഭോക്താവിൻെറ സന്തുഷ്ടിക്കായി അവിടെ സേവനമനുഷ്ഠിക്കുന്നു.

ഞങ്ങളുടെ തൊട്ടുമുമ്പിൽ, തെരുവിൽ, നരച്ചതാടിയും ക്ഷീണിച്ചരൂപവുമായി ഏകദേശം നാല്പതുവയസ്സുള്ള ഒരു മാന്യൻ നില്ക്കുന്നു. ഒരു കൈകൊണ്ട് അയാൾ ഒരു ബാലനെ പിടിച്ചിട്ടുണ്ട്; മറേറക്കൈയിൽ നടക്കാൻ കഴിവില്ലാത്ത ഒന്നിനെ എടുത്തിരിക്കുന്നു. ഒരു വളർത്തമ്മയുടെ ജോലികൂടി നിർവ്വഹിക്കുന്ന ആ മനുഷ്യൻ സായംകാലാന്തരീക്ഷസുഖം നുകരാനിറങ്ങിയിരിക്കുകയാണ്. എല്ലാവരും പഴയവസ്ത്രങ്ങളണിഞ്ഞിരിക്കുന്നു; ആ മൂന്നു മുഖങ്ങളും അസാധാരണമാംവിധം ഗൗരവാന്വിതമാണ്. ആ ആറുകണ്ണുകളും ആരാധനാഭാവത്തോടുകൂടി കഫേയിൽ തറച്ചിരിക്കുന്നു—പ്രായഭേദമനുസരിച്ച് ആശ്ചര്യത്തിന് വ്യത്യാസമുണ്ടെന്നുമാത്രം.

പിതാവിൻെറ നയനങ്ങൾ ഇങ്ങനെ പറഞ്ഞു: "ഇത് എത്ര സുന്ദരം! ഹാ എത്രമനോഹരം! ഈ ഭൂമിയിലെ സ്വർണ്ണം മുഴുവൻ ഈ ഭിത്തിയിൽ ഉള്ളതുപോലെ

തോന്നുന്നു."

ബാലന്റെ ദൃഷ്ടികൾ ഇങ്ങനെ ചിന്തിച്ചു: "ഇതു് എത്രസുന്ദരം! ഹാ, എത്രമനോഹരം! പക്ഷേ നമ്മെ ഇഷ്ടപ്പെടാത്ത ആളുകൾക്കുമാത്രമെ ഇവിടെ കടക്കാനാവൂ." ശിശുവിൻെറ കണ്ണുകൾ അന്ധമായ ആഹ്ലാദമല്ലാതെ മറെറാന്നും പ്രകടിപ്പിക്കാൻ ആവാത്തവിധം ആശ്ചര്യനിർഭരമായിരുന്നു.

ആനന്ദം ആത്മാവിനെ മഹത്വപൂർണ്ണവും ഹൃദയത്തെ മൃദുലവുമാക്കുന്നുവെന്നാണ് കവികൾ പറയുന്നതു്. ഞാൻ ചിന്തിച്ചേടത്തോളം, ആ സായംസന്ധ്യയിൽ അതു ശരിയായിരുന്നു. ആ കണ്ണുകളുടെ കുടുംബം എന്റെ ഹൃദയത്തെ സ്പർശിക്കുകമാത്രമല്ല ചെയ്തതു്; ഞങ്ങളുടെ ദാഹത്തെക്കാൾ വലുതായ പാനപാത്രങ്ങളെയും വീഞ്ഞുതുരുത്തികളെയും കുറിച്ചു് എൻെറയുള്ളിൽ ലജ്ജയും ജനിപ്പിച്ചു. എൻെറ കരളേ, നിൻെറ മിഴികളിൽ ഞാൻ സൂക്ഷിച്ചുനോക്കി–എൻെറ നിനവുകൾ വായിച്ചുനോക്കുന്നതിനു്. വിശ്വമോഹനവും സ്വർഗ്ഗീയമാംവിധം ആർദ്രവുമായി, നമ്മചിന്തകളുടെ കേദാരമായി, ചന്ദ്രപ്രകാശത്താൽ മംഗളദായകമായി കാണപ്പെട്ടുന്ന ആ ഹരിതനയനങ്ങളിൽ ഞാൻ മുങ്ങി. അപ്പോൾ നീ പ്രഖ്യാപിച്ചു: "ആ മനുഷ്യരെ കാണുന്നതു് അസഹ്യം. അവരുടെ കണ്ണുകൾ കണ്ടില്ലേ? വണ്ടികളുടെ വാതിലുകൾപോലെ വലിച്ചുതുറന്നിരിക്കുന്നു! അവരെ ആട്ടിയോടിക്കാൻ കഫേ മാനേജരോടുപറയൂ." "എൻെറ പ്രിയപ്പെട്ട മാലാഖേ, പരസ്പരം മനസ്സിലാക്കുന്നതു് എത്രമാത്രം പ്രയാസമുള്ള കാര്യമാണു്! എല്ലാ ചിന്തകളും വിനിമയം ചെയ്യാനാവാത്തതുതന്നെ–പരസ്പരം പ്രേമിക്കുന്ന മനുഷ്യർ തമ്മിൽപ്പോലും."

പുരുഷാരങ്ങൾ

ജനസമൂഹത്തിൽ ഒരു കുളിനടത്തുവാൻ എല്ലാവ ക്കും കഴിയുകയില്ല. ആൾക്കൂട്ടത്തിൽ മുങ്ങുകയെന്നതു് ഒരു കലയാണു്; തൊട്ടിലിൽവച്ചുതന്നെ ഏതോ ദേവ തയിൽനിന്നു് വീടിനോടു സ്പദ്ധയും അലച്ചിലിൽ ആവേ ശസമ്പൂണ്ണതയും തോന്നി. വേഷപ്രച്ഛന്നതയിലും മുഖം മൂടിയിലും ഉള്ള സ്നേഹം ദാനമായി വാങ്ങുന്ന ഒരുവനു മാത്രമേ മനുഷ്യവർഗ്ഗത്തിൻെറ ചെലവിൽ ഈ വിധം ഊളിയിട്ടുനീന്താൻ സാധ്യമാവൂ.

ജനത, ഏകാന്തത; പ്രവൃത്തിനിരതനും പ്രതിഭാ സമ്പന്നനുമായ കവിക്കു് ഈ പദങ്ങൾ ഏകാത്മകതാ മുള്ളതും പരസ്പരം മാററി ഉപയോഗിക്കാവുന്നതുമാണു്. ഏകാന്തതയെ സമൂഹവൽക്കരിക്കാൻ സാധ്യമല്ലാത്ത വനു് ഒരു വലിയ ജനസമൂഹത്തിനിടയിൽ ഏകാകിയാ യി നീങ്ങാൻ പ്രയാസം.

ഇഷ്ടമുണ്ടെങ്കിൽ, കവിക്കു് താൻതന്നെയോ മറെറാരാളോ ആയിരിക്കുന്നതിനു് അതുല്യമായ അവ കാശമുണ്ടു്. ദേഹത്തെ അന്വേഷിച്ചു് അലഞ്ഞുതിരി യുന്ന ദേഹിയെപ്പോലെ, അഗ്രഹിക്കുമ്പോൾ ഏതു മനു ഷ്യൻെറയുമുള്ളിൽ അയാൾ പ്രവേശിക്കുന്നു. അയാൾക്കു മാത്രം സവ്വം ശൂന്യതയാണു്; തൻെറ മുമ്പിൽ അടയ്ക്ക പ്പെട്ടുകിടക്കുന്നതായി തോന്നുന്നഭാഗങ്ങൾ, തൻെറ ദൃഷ്ടി കളെ സംബന്ധിച്ചിടത്തോളം സന്ദർശനയോഗ്യമല്ല.

വിഷാദമഗ്നനും ഏകാകിയുമായ ഈ പാദചാരി, ഈ സാർവദേശീയസമ്യക്ഭാവത്തിൽനിന്നു് അദ്വൈ തമായ ഒരാനന്ദമൂർച്ഛ നുകരുന്നു. പുരുഷാരത്തെ അനാ

യാസം വേഠംക്കാൻ കഴിയുന്ന ആ മനുഷ്യന്, ഒരു തകരപ്പെട്ടിപോലെ അടച്ചുപൂട്ടിയിട്ടിരിക്കുന്ന അഹംഭാവിക്കും കക്കയെപ്പോലെ തടവിൽ കഴിയുന്ന മടിയനും നിഷേധിക്കപ്പെട്ടിരിക്കുന്ന തീക്ഷ്ണാഹ്ലാദം അനുഭവിക്കാം. പരിതഃസ്ഥിതി സമ്മാനിക്കുന്ന എല്ലാ ദുഃഖങ്ങളും എല്ലാ സന്തോഷങ്ങളും, എല്ലാ കർത്തവ്യഭാരങ്ങളും കവി തന്റേതായിക്കരുതി ഉഠംക്കൊള്ളുന്നു. ഈ വിവരണാതീതമായ ലഹരിയോട്, ജനതകഠം കടന്നുപോകുന്ന അപരിചിതനു വേണ്ടി അടിമപ്പെടുത്തുന്നതും കവിതയേയും നന്മയേയും തന്നെത്തന്നെയും മറക്കുന്നതുമായ ആത്മാവിന്റെ ഈ ദിവ്യ വ്യഭിചാരത്തോട്, താരതമ്യപ്പെടുത്തുമ്പോഠം മനുഷ്യർ പ്രേമമെന്നുസംബോധനചെയ്യുന്നതു് വറണ്ടതാണ്; കെട്ടുകഠംക്കുള്ളിലൊതുങ്ങിയതാണ്; തീരെ ദൗർബ്ബല്യമുററതാണ്. ഈ ലോകത്തിലെ ജനങ്ങഠംക്കിടയിൽ കഴിഞ്ഞു് ഇടയ്ക്കിടെ ആനന്ദമടയുന്നതു് നല്ലതത്രെ; വങ്കത്തംനിറഞ്ഞ അവരുടെ അഹങ്കാരത്തെ ഒരു നിമിഷത്തേക്കു് എളിമപ്പെടുത്തുവാൻ മാത്രം! അവരുടെതിനേക്കാഠം ഉന്നതവും വിശാലവും അജ്ഞേയററം സംശുദ്ധവുമായ ഒരാനന്ദം അതിലുണ്ട്. ഭൂമിയുടെ അററങ്ങളിലേക്കു കടന്നിരിക്കുന്ന കോളണികളുടെ സ്ഥാപകർ, ജനങ്ങളുടെ ആത്മീയ ഇടയർ, മതപ്രചാരകരായ പുരോഹിതന്മാർ എന്നിവർക്കെല്ലാം നിഗൂഢമായ ഈ ലഹരിയെക്കുറിച്ചു് എന്തെങ്കിലും അറിയാം, തീർച്ച. തങ്ങളുടെ പ്രതിഭാശക്തി, അതിൻെറ രക്ഷയ്ക്കുവേണ്ടി സൃഷ്ടിച്ച വലിയ കുടുംബത്തിൻെറ ഹൃദയത്തിൽവച്ചു്, ബഹളമയമായ അവരുടെ സമ്പത്തിലും ചാരിത്രസമ്പൂർണ്ണമായ അവരുടെ ജീവിതത്തിലും കാരുണ്യം പ്രകടിപ്പിക്കുന്നവരോടു് ചിലപ്പോഠം അവർ ആക്ഷേപഹാസം മുഴക്കും.

കലാകാരന്റെ
ദ്വന്ദ്വയുദ്ധം

ശിശിരത്തുവിലെ പകലിന്റെ അന്ത്യം എത്രഹൃദയസംവാദക്ഷമമാണു്! ഹാ! ദുഃഖത്തിന്റെ കേന്ദ്രബിന്ദുവരെ അതു തുളച്ചുകയറുന്നു! എന്തെന്നാൽ വിശാലതയെ ഉപേക്ഷിക്കാത്തതും അസ്പഷ്ടവുമായ ചില മധുരവികാരാനുഭൂതികളുണ്ടു്; അപാരതയെക്കാൾ മൂർച്ചയുററ സത്താംശം ഒന്നുംതന്നെയില്ലല്ലോ.

സൂക്ഷ്മനിരീക്ഷണത്തിന്റെ അനന്താഹ്ലാദം അബ്ധിയുടെയും അംബരത്തിന്റെയും പരിണാഹത്തിൽ നമ്മുടെ ദർശനത്തെ മുക്കിക്കളയുന്നു! ഏകാഗ്രത, നിശ്ശബ്ദത, നിതാന്തനീലിമയുടെ അനുപമമായ ചാരിത്രശുദ്ധി! ചക്രവാളത്തിൽ കിടന്നു തുള്ളിക്കളിക്കുന്ന ഒരു കൊച്ചുവഞ്ചി, അതിന്റെ ചെറുപ്പവും ഏകാകിത്വവും മൂലം ചാഞ്ചല്യാനുവിദ്ധമായ എന്റെ അസ്തിത്വത്തെ അനുകരിക്കുകയാണു്; പിന്നെ അലമാലകളുടെ താളലയനിർഭരമായ ഗാനം! ഈ എല്ലാ വസ്തുക്കളും എന്റെ ചിന്തകളെ പ്രതിഫലിപ്പിക്കുകയാണു്; അഥവാ ഞാൻ അവയുടെ നിനവുകളെ പ്രതിധ്വനിപ്പിക്കുകയാണു്. എന്തെന്നാൽ തപസ്യയുടെ മഹസ്സിൽ അഹംഭാവം ഝടുതിയിൽ നഷ്ടീഭൂതമായിക്കഴിഞ്ഞിരുന്നുവല്ലോ. അവയുടെ കൃത്യം ഗാനാത്മകവും ശബളാഭവുമായിരുന്നു; അസത്യകഥനവും ദ്വിമാനയുക്തിയും ന്യൂനതയുമൊന്നും അതിലുണ്ടായിരുന്നില്ല.

KOTTAYAM PUBLIC LIBRARY KOTTAYAM

ഈ ചിന്തകൾ എൻെറയുള്ളിൽ ജന്മമെടുത്തതായാലും, മററു വസ്തുക്കളിൽനിന്ന് അവധാരണംചെയ്തതായാലും ശരി, വിശാലമായി വളൻ. ഇന്ദ്രിയാനുഭൂതിയിൽ നിബദ്ധമായ ഉന്മേഷം ഒരു തരം അസ്വാസ്ഥതയും തീക്ഷ്ണവേദനയും ജനിപ്പിക്കും. എൻെറ സിരാതന്തുക്കൾ ആകാംക്ഷാനിർഭരമായി വലിഞ്ഞുനില്ക്കുകയാണ്; ദുഃഖകരമായ ശബ്ദം ഉയൎത്തി, ഹൃദയഭേദകമായി അവ ഉറക്കെഞ്ഞൊടിക്കുന്നു.

വിണ്ണിൻെറ അഗാധത എൻെറ ധാരണാശക്തിയെ കലുഷമാക്കുന്നു. ഉജ്ജ്വലമായ പ്രകാശം എന്നെ ഉല്ക്കണ്ഠാഭരിതനാക്കുന്നു. സമുദ്രത്തിൻെറ സ്വതന്ത്ര പ്രകമ്പനവും പ്രകൃതിദൃശ്യത്തിൻെറ നിശ്ചലത്വവും എൻെറ മനസ്സിനെ ഇളക്കിമറിക്കുന്നു. ഓ, അഴകിയന്ന എല്ലാം നിത്യമായി നാം അനുഭവിക്കണോ? അതോ, അവയിൽ നിന്നെല്ലാം എന്നെന്നേക്കുമായി ഓടിയൊളിക്കണമോ? പ്രകൃതിയേ, നിൎദ്ദയയായ ഗാനരൂപിണീ, അനശ്വരവിജയിയായ പ്രതിയോഗീ, എന്നെ ജീവിക്കാനനുവദിക്കൂ! എൻെറ മോഹങ്ങളെയും അഹംഭാവത്തെയും ഉത്തേജിപ്പിക്കരുതേ! സൗന്ദര്യസാരഗ്രഹണം ഒരു ദ്വന്ദ്വയുദ്ധമാണ്. അതിൽ പരാജിതനാകുന്നതിനുമുമ്പ് കലാകാരൻ ഭീതിമൂലം ഉഗ്രരോദനം മുഴക്കിപ്പോകുന്നു.

വങ്കനും

വീനസ്സും

എത്ര ആരാധ്യമായ ദിനം! വിശാലമായ ഉദ്യാനം അക്കന്റെ ആഗ്നേയദൃഷ്ടികളിൽ സ്വയം നിയന്ത്രണരഹിതമായിപ്പോകുന്നു—യുവാക്കൾ പ്രേമത്തിന്റെ ആധിപത്യത്തിലെന്നപോലെ.

സൃഷ്ടിക്കപ്പെട്ട വസ്തുക്കളുടെ സാർവദേശീയമായ ഏകാഗ്രധ്യാനം ഏതെങ്കിലും ശബ്ദംകൊണ്ടു് സ്വയം പ്രകാശിപ്പിക്കുന്നില്ല. ഒഴുകുന്ന നിർഝരികൾപോലും നിദ്രചെയ്യുന്നതുപോലെയാണു്. മാനുഷികാഹ്ലാദങ്ങളിൽനിന്നു് തികച്ചും വ്യത്യസ്തം! മൂകമായ മദ്യപാനിസമൂഹമാണിതു്.

തഴച്ചുവളരുന്ന ഒരു പ്രഭൗജ്വല്യം വസ്തുക്കളെ അനികമധികം പ്രശോഭിതമാക്കുന്നതുപോലെ തോന്നുന്നു. ആനന്ദോന്മത്തരായ സുഷമാവലി, തങ്ങളുടെ അനന്തവണ്ണകാന്തിയാൽ, അംബരതലത്തിന്റെ ദിവ്യനീലിമയെ വെല്ലുന്നതിനുള്ള മോഹം കൊണ്ടു് ആളിക്കത്തുകയാണു്; ചൂടു്, സർവസുഗന്ധങ്ങളെയും ദൃശ്യമാനമാക്കി പ്രകാശമേഖലയിലേക്കു് പറക്കുന്ന മത്താപ്പുപോലെ ഉയത്തുന്നു.

ഏതായാലും, സാർവത്രികമായ ഈ സന്തുഷ്ടിക്കിടയിൽ, ദുഃഖമഗ്നനായ ഒരു ജീവിയെ ഞാൻ കണ്ടു.

വങ്കവേഷം കെട്ടി നടക്കുന്നവരിലൊരുവൻ, രാജാക്കന്മാക്കു് അരോചകത്വവും മാനസിക വൈക്ലബ്യവുമനുഭവപ്പെട്ടപ്പോൾ അവരെ ചിരിപ്പിക്കാനുള്ള ചുമതലയേററുനടക്കുന്ന വിദൂഷകന്മാരിലൊരാൾ, ശബളാഭവും

വിലക്ഷണവുമായ വേഷഭ്രഷകളണിഞ്ഞു് തൊപ്പിയും തുവാലയും· ധരിച്ച് ഒരു ക്രൂരൻ വീനസിൻെറ പാദാന്തികത്തിൽ അരംത്താരയോടു നല്ലതുപോലെ ചേൻ്, അനശ്വരയായ ആ ദേവതയുടെ നേരേ കണ്ണുനീർനിറഞ്ഞ നയനങ്ങരം ഉയർത്തി നിലകൊള്ളുന്നു.

അയാളുടെ മിഴികരം ഇങ്ങനെ പറയുകയാണു്: "ഞാൻ തീരെ നിസ്സാരനും അങ്ങേയററം ഏകാകിയുമായ മനുഷ്യനാണു്. പ്രേമത്തിൽനിന്നും സൗഹൃദത്തിൽനിന്നും ഞാൻ പിന്തള്ളപ്പെട്ടിരിക്കുന്നു; അങ്ങനെ ഏററവും ഹീനനായ മൃഗത്തേക്കാളും വളരെ താഴെയാണു ഞാൻ. എങ്കിലും എനിക്കു്, എനിക്കുപോലും, അനശ്വരസൗന്ദര്യമെന്തെന്നു് അറിയാനും അനുഭവിക്കാനും കഴിയും! ഹാ ദേവതേ, എൻെറ ദുഃഖത്തിലും വികാരഭ്രാന്തിലും കരുണ പ്രദർശിപ്പിച്ചാലും!"

പക്ഷേ അചലയായ വീനസ് വിദൂരതയിലെ --ഏതോ വസ്തുവിൽ തൻെറ മാർബിരംനയനങ്ങളാൽ നോക്കിക്കൊണ്ടു നിന്നതേയുള്ളൂ.

ഒന്നാം മണിനേരത്ത്

ഒടുവിൽ, ഇതാ ഞാനേകനായിരിക്കുന്നു! വൈകിയെത്തിയതും പഴഞ്ചനുമായ വണ്ടികളുടെ ഖരഖര ശബ്ദമല്ലാതെ യാതൊന്നും ഇപ്പോൾ കേൾക്കാനില്ല. ഏതാനും നാഴികനേരത്തേക്ക് ഏകാഗ്രതയല്ലെങ്കിലും നിശ്ശബ്ദത ലഭിക്കും. ഹാ! ഒടുവിൽ മനുഷ്യമുഖത്തിൻെറ സ്വേച്ഛാധിപത്യം അപ്രത്യക്ഷമായി. ഞാൻ മാത്രമാണുതാനും എൻെറ ദുഃഖങ്ങൾക്കു കാരണം.

ഒടുവിൽ ഇതാ അന്ധകാരത്തിൽ മുങ്ങിക്കുളിക്കാൻ എനിക്ക് സൗകര്യം ലഭിച്ചിരിക്കുന്നു! ഇരട്ടിമുഴപ്പുള്ള സുവർണ്ണാവസരം! ഈ ഭാഗ്യം എൻെറ ഏകാന്തതയെ ശക്തിസംവർദ്ധകമാക്കും; ലോകത്തിൽനിന്ന് എന്നെ വ്യതിരിക്തമാക്കിയിരിക്കുന്ന ഈ സംരക്ഷണവലയത്തെ കൂടുതൽ സുരക്ഷിതമാക്കും.

ഭീകരമായ ജീവിതം! ഭീതിദമായ പട്ടണം! പകലിനെക്കുറിച്ച് ഒരു സംഗ്രഹാനുസ്മരണനടത്താം: പല പണ്ഡിത പുണ്ഡരീകന്മാരെയും സന്ദർശിച്ചു. കരമാർഗ്ഗേണ റഷ്യയിലേക്ക് പോകാനാകുമോ എന്ന് അതിലൊരാൾ എന്നോടു ചോദിക്കുകയുണ്ടായി. റഷ്യ ഒരു ദ്വീപാണെന്നാണ് അദ്ദേഹം കരുതിയിരിക്കുന്നതെന്ന് തീർച്ച. ഒരു പത്രികയുടെ ഡയറക്ടറുമായി വളരെനേരം വാഗ്വാദം നടത്തി: എൻെറ എതിർപ്പുകളെല്ലാം അവഗണിച്ചുകൊണ്ട് അദ്ദേഹം പ്രഖ്യാപിച്ചു: "ഞങ്ങൾ മാന്യജനങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്." അതിൻെറ സാരം: മററെല്ലാ വർത്തമാനപത്രങ്ങളും തെമ്മാടികളാണ് എഡിററുചെയ്യുന്നത്.

ഇരുപതുപേരെ അഭിവാദനംചെയ്തു; അതിൽ പതിനഞ്ചുപേരെയും എനിക്കു പരിചയമില്ലായിരുന്നു. ഇതേ വിധത്തിൽ, ഇതേ കണക്കനുസരിച്ച് ഇരുപതുപേൎക്ക് ഹസ്തദാനംചെയ്തു; കൈയുറ വാങ്ങണമെന്ന ചിന്തപോലും അവഗണിച്ചിട്ട്. സമയംകൊല്ലുന്നതിനുവേണ്ടി, ഒരു മഴയത്ത് ഒരു കായികാഭ്യാസവിദഗ്ദ്ധയെ കാണുവാൻ പോയി. ഒരു വെനസ്സ്യൂാ ഉടുപ്പിന്റെ മാതൃക തയ്യാറാക്കിക്കൊടുക്കണമെന്നാണ് അവളെന്നോട് അപേക്ഷിച്ചത്.

പിന്നെ ഒരു തിയേററിന്റെ ഡയറക്ടറെ സന്ദർശിച്ചു. എന്നെ പറഞ്ഞയച്ചുകൊണ്ട് അദ്ദേഹം ഇങ്ങനെ ഉപദേശം നല്കി: "നിങ്ങൾ..... എന്നയാളിനോട് അപേക്ഷിക്കുന്നതു നന്നായിരിക്കും. എന്റെ എഴുത്തുകാരിൽ പിടിപ്പുകെട്ട, പടുവിഡ്ഢിയായ, ഏററവും പ്രശസ്തനായ ആളാണദ്ദേഹം. അയാൾവഴി നിങ്ങൾക്ക് എവിടെയെങ്കിലും പിടിച്ചുകേറാം. പോയി അദ്ദേഹത്തെ കാണുക. പിന്നെ നമുക്കു സംസാരിക്കാം."

ഞാൻ ഒരിയ്ക്കലും ചെയ്തിട്ടില്ലാത്ത കുറേ തെമ്മാടിത്തങ്ങളെപ്പററി പൊങ്ങച്ചം (എന്തുകൊണ്ട്?) പറഞ്ഞു; ധീരമായ ഒരു തെററ്, മനുഷ്യമര്യാദ തൊട്ടുതീണ്ടിയിട്ടില്ലാത്ത ഒരു കുററം എന്നിങ്ങനെ ഞാൻ കാട്ടിയ ചില കോപ്രായങ്ങളെ സ്വയം മനഃസാക്ഷിക്കുത്തുകൂടാതെ നിഷേധിച്ചു. ഒരു സുഹൃത്തിന്ന് നിസ്സാരമായ ഒരു സഹായം ചെയ്തുകൊടുക്കാതെ കഴിച്ചുകൂട്ടി. ഒരു തനി വിദൂഷകന്ന് ഒരു ശുപാൎശ എഴുതിക്കൊടുത്തു. ഓ, ഇത്രയും പോരേ?

എല്ലാവരോടും, എന്നോടു തന്നെയും അസംതൃപ്തനായതിനാൽ രാത്രിയുടെ നിശ്ശബ്ദതയിലും ഏകാന്തത

യിലും അല്പമൊന്ന് ഉന്മേഷവാനാകുകയും സന്തോഷ പൂർവ്വം സ്വയം രക്ഷിക്കുകയും ചെയ്യാം. ഞാൻ സ്നേഹിച്ചവരേ, ഞാൻ ആരെക്കുറിച്ചു പാടിയോ, ആ ആത്മാക്കളേ, എന്നെ പ്രഭാവപൂർണ്ണനാക്കുക; പിന്താങ്ങുക: നുണകളിൽനിന്നും പാപപങ്കിലമാക്കുന്ന ലോകവ്യാപാരങ്ങളിൽനിന്നും രക്ഷപ്പെടുത്തുക. സർവ്വശക്തനായ ദേവാ, ഏതാനും നല്ല കാര്യങ്ങൾ വിരചിക്കാൻ എനിക്ക് അനുഗ്രഹം ദാനം ചെയ്താലും! ഞാൻ മനുഷ്യരുടെയിടയിൽ താഴ്ന്നവനല്ലെന്നും ഞാൻ ആരെ വെറുപ്പിക്കുന്നുവോ അവരെക്കാൾ മോശക്കാരനല്ലെന്നും അവ എന്നെ ബോധ്യപ്പെടുത്തട്ടെ.

ധ്യാനം

ഒരു * ഫിലാന്ത്രോപിക് ജേർണലിസ്റ്റ് ഏകാന്തത മാനവരാശിക്കു് ദോഷമാണെന്നു് എന്നോടുപറഞ്ഞു; തന്റെ തത്ത്വത്തെ ഫിന്താങ്ങാനായി, എല്ലാ അവിശ്വാസികളെയുംപോലെ അദ്ദേഹവും സഭാപുരോഹിതന്മാരെ ഉദ്ധരിക്കുന്നു.

ആ രക്ഷസ്സ് മിക്കവാറുംസമയത്തു് മരുഭൂമികളിൽ വിഹരിക്കുന്നുവെന്നെനിക്കറിയാം. കൊലയുടെയും പാതകത്തിൻെറയും ആത്മാവു് ശൂന്യഭൂമികളിൽ അതിപ്രഗത്ഭമായി ആളിക്കത്തുകയാണു്. അലസതയിൽ മുങ്ങി അലഞ്ഞുതിരിയുന്ന, തീക്ഷ്ണവികാരങ്ങളും ധൂമപാളികളും കൊണ്ടുനിറഞ്ഞ, ആത്മാവിനു് ഏകാന്തത അപകടകരമാവാൻ അസാദ്ധ്യതയൊട്ടുമില്ല.

ഒരു പ്രസംഗപീഠത്തിനു് അഥവാ ഒരു ട്രിബ്യൂണിനു്, മുകളിൽനിന്നു് സംസാരിക്കാനാഗ്രഹിക്കുന്ന ഒരു വായാടി മാത്രമേ റോബിൻസൻെറ ദ്വീപിൽ ഭ്രാന്തനാകുവാൻ ഇടയുള്ളൂ. ജേണ്ണലിസ്റ്റിനോടു്, ക്രൂസോയുടെ ധീരത പ്രകടിപ്പിക്കാൻ ഞാനാവശ്യപ്പെടുന്നില്ല. ഏകാന്തതയെയും നിശ്ശബ്ദതയെയും സ്നേഹിക്കുന്നവരെ വെറുക്കാതിരിക്കണമെന്നേ ഞാനയാളോടപേക്ഷിക്കുന്നുള്ളു.

വായാടികളുടെ രാഷ്ട്രങ്ങൾക്കിടയിൽ പരമമായ വേദനയോടുള്ള തീക്ഷ്ണസ്വരം, സാന്തേറിൻെറ ഭേരിനാദം തങ്ങളുടെ ശബ്ദപ്രവാഹത്തെ തടസ്സപ്പെടുത്താത്ത നിലയിൽ പൊതുജനങ്ങളോടു് വികാരനിർഭരമായി ഉന്ന

---

* മനുഷ്യസ്നേഹി

തപീഠങ്ങളിൽനിന്ന് ആഹ്വാനം ചെയ്യാൻ അനുവദി ച്ചിരുന്നുവെങ്കിൽ, വളരെ നിസ്സാരമായിത്തീരുമായിരുന്നു.

എനിക്കവരോടു സഹതാപമില്ല. എന്തെന്നാൽ അവരുടെ വാഗ്വൈഭവപ്രകടനം, മൂകതയിലും ധ്യാന ത്തിലും നിന്ന് മററുള്ളവർ ഉൾക്കൊള്ളുന്ന ആഹ്ലാദം അവക്കും നല്കുന്നുണ്ടാവാം. ഞാനവയെ നിസ്സാരമായി അവഗണിക്കുന്നു.

സർവോപരി, എൻെറ ശപിക്കപ്പെട്ട ജേർണ ലിസ്റ്റ്, എൻെറ രീതിക്കനുസൃതമായി സ്വയം ആനന്ദി ക്കാൻ എന്നെ അനുവദിക്കണമെന്നു ഞാനാഗ്രഹിക്കുന്നു. അങ്ങേയററം അപ്പോസ്തലികമായി, അനുനാസിക സ്വര ത്തിൽ അദ്ദേഹം എന്നോടു് ആരാഞ്ഞു: "എന്തു്? നിങ്ങ ളുടെ ആനന്ദം മററുള്ളവരുമായി പങ്കുവയ്ക്കാൻ നിങ്ങൾ ക്കു തോന്നാറില്ലേ?" അസൂയാർഹനായ ഈ മനുഷ്യൻെറ കാരുണ്യബുദ്ധി നോക്കുക! അയാളുടെ സന്തോഷങ്ങളെ ഞാൻ അവഗണിക്കുന്നുവെന്നയാൾക്കറിയാം; മാത്രമല്ല നിഗൂഢമായ, വളഞ്ഞമാർഗ്ഗത്തിലൂടെ എൻെറ ആനന്ദം കവർന്നെടുക്കാനുമയാൾ ആഗ്രഹിക്കുന്നു. വഷളായ മോ ഷണ വിനോദം.

---

* ആൻേറായിൻ ജോസഫ് സാന്തേർ: ജനനം 1752, ചരമം 1809. ഫ്രഞ്ചുവിപ്ലവത്തിലെ ഒരു നേ താവു്. ലൂയി പതിനാറാമൻ ചക്രവർത്തിയെ വധിക്കുന്ന ചുമതല ഇദ്ദേഹമാണു് ഏറെറടുത്തതു്. ലൂയി, വധ പീഠത്തിൽവച്ചു് ജനങ്ങളോടു പ്രസംഗിക്കാൻ തുനിഞ്ഞ പ്പോൾ കമാൻഡർ ഇൻചീഫായ സാന്തേർ, തൻെറ സൈന്യത്തോടു് ഉച്ചത്തിൽ ബാൻറുവാദ്യം മുഴക്കാൻ കല്പിച്ചു.

"ഓ, ഏകാന്തതയിൽ കഴിയാനാവാത്തവരുടെ നിർഭാഗ്യം!"–സഹായം കൂടാതെ തങ്ങൾക്ക് തനിയെ നിൽക്കാനാവില്ലെന്ന് ഉറപ്പായി ഭയപ്പെട്ടുകൊണ്ട്, സ്വയം വിസ്മരിക്കുന്നതിനുവേണ്ടി പുരുഷാരത്തിനിടയിലേക്ക് പാഞ്ഞുപോകുന്നവരെ ലജ്ജിപ്പിക്കാൻ ലാബ്രൂയർ എവിടെയോ ഇങ്ങനെ പറഞ്ഞിട്ടുണ്ട്.

"നമ്മുടെ മുറിയിൽത്തന്നെ നിശ്ചലമായിരിക്കാൻ നമുക്കുള്ള കഴിവില്ലായ്മയാണ് നമ്മുടെ മിക്കവാറും എല്ലാ നിർഭാഗ്യങ്ങൾക്കും കാരണം."—മറ്റൊരു മഹർഷിയായ പാസ്കൽ പറയുന്നു. ചലനത്തിലും, എന്റെ നൂറ്റാണ്ടിലെ മനോഹരമായ ഭാഷയിൽ പറയാനാശിച്ചാൽ, സൗഹൃദാത്മകം എന്നു വിശേഷിപ്പിക്കാവുന്ന വ്യഭിചാരത്തിലും ആനന്ദം അന്വേഷിച്ച് വഞ്ചിതരായവരെ ധ്യാനത്തിന്റെ അറയിലേക്ക് ഇങ്ങനെ അദ്ദേഹം ആഹ്വാനം ചെയ്യുകയാണ് എന്നു ഞാൻ വിശ്വസിക്കുന്നു.

ലോകത്തിന്റെ പുറത്ത്

എവിടെയെങ്കിലും!

ഈ ജീവിതം ഒരു ആശുപത്രിയാണ്; അവിടെ എല്ലാ രോഗികളും തന്റെ കിടക്ക മറ്റൊരാളിന് ഒഴിഞ്ഞുകൊടുക്കണമെന്ന മോഹവുമായി കഴിഞ്ഞുകൂടുന്നു. സ്റ്റൌവിന്റെ മുമ്പിലിരുന്നു ചൂടേൽക്കുവാൻ ഒരുവൻ ആഗ്രഹിക്കും. ജനാലയ്ക്കൽനിന്നാൽ സ്വന്തം ആരോഗ്യം വീണ്ടെടുക്കാമെന്ന് മറ്റൊരാൾ വിശ്വസിക്കുന്നു.

ഞാൻ എവിടെ നില്ക്കുമോ, അവിടെ എനിക്ക് സുഖമനുഭവപ്പെടുമെന്നാണ് എപ്പോഴും തോന്നാറുള്ളത്. ഈ മാററപ്രശ്നം എന്റെ ആത്മാവുമായി നിരന്തരം ഞാൻ ചർച്ചചെയ്യുന്ന ഒന്നാണ്.

"എന്റെ ആത്മാവേ, വിറങ്ങലിച്ചിരിക്കുന്ന പാവപ്പെട്ട പ്രാണശക്തിയേ, ലിസ്ബണിൽപോയി താമസിക്കുന്നതിനെക്കുറിച്ച് നീ എന്തുകരുതുന്നു? അവിടെ നല്ല ഊഷ്മളതയുണ്ട്; ഒരു പല്ലിയെപ്പോലെ നിനക്കവിടെ കാര്യമായി കഴിഞ്ഞുകൂടാം. ആ നഗരം കടൽക്കരയിലാണ്; ശ്ലക്ഷ്ണശിലകൊണ്ടാണ് അതു നിർമ്മിതമായിരിക്കുന്നതു്. മാത്രമല്ല, അവിടത്തെ ജനങ്ങൾ, തരുലതാദികളോട് വെറുപ്പുണ്ടായിരുന്നതിനാൽ ചെടികളെയെല്ലാം പിഴുതുകളഞ്ഞു. നിന്റെ അഭിരുചിക്കിണങ്ങുന്ന ഒരു പ്രകൃതിദൃശ്യം നിനക്കവിടെ ദർശിക്കാം! പ്രകാശവും ലോഹധാതുക്കളും കൊണ്ട് വിരചിതമായ പ്രപഞ്ചകാന്തി; അതു പ്രതിഫലിപ്പിക്കാൻ ദ്രാവകവും!"

ആത്മാവ് ഉത്തരമോതിയില്ല.

നിശ്ചലതയിൽ നിനക്ക് അതികാമമുണ്ടെങ്കിലും, ചലനാത്മകതയെ പരിണയിച്ച്, ഹോളണ്ടിൽ, അനുഗൃഹീതമായ ആ നാട്ടിൽ ജീവിക്കാൻ നീ ഇഷ്ടപ്പെടുന്നുവോ? ഒരു പക്ഷേ നീ മാററത്തിൻേറതായ സുഖം അവിടെ കണ്ടെത്തിയെന്നുവരാം: കലാപ്രദർശനമന്ദിരങ്ങളിൽ അതിൻെറ പ്രതിരൂപം കണ്ട് നീ പലപ്പോഴും അഭിനന്ദിച്ചിട്ടുണ്ടല്ലോ. റോട്ടർഡാമിനെക്കുറിച്ച് നീ എന്തുവിചാരിക്കുന്നു?–ഭവനപാദങ്ങളിൽ നങ്കൂരമുറപ്പിച്ച യാനപാത്രങ്ങളും, പായ്മരങ്ങളുടെ അരണ്യങ്ങളും നിനക്ക് പ്രിയപ്പെട്ടതാണല്ലോ."

എൻെറ ആത്മാവ് മൂകതപാലിച്ചു.

"ഒരു പക്ഷേ ബത്തേവിയ നിന്നെ കൂടുതൽ ആകർഷിക്കുന്നുണ്ടാവുമോ? അവിടെ മററനേകം വസ്തുക്കൾക്കിടയിൽ, ഉഷ്ണമേഖലാസൗന്ദര്യത്തിനു പാണിഗ്രഹണം ചെയ്തുകൊടുത്തിരിക്കുന്ന യൂറോപ്പിൻെറ ചൈതന്യം നമുക്കുകണ്ടെത്താം."

ഒരൊററവാക്കുമില്ല ഉത്തരം. എൻെറ ആത്മാവ് മരിച്ചിരിക്കുകയാണോ?

രോഗബാധിതാവസ്ഥയിലെപ്പോലെയുള്ള നിസ്സബ്ദാംഗീകരണത്തിൻെറ നിരുന്മേഷത്വത്തിൽ അങ്ങനെയാണോ നീ എത്തിച്ചേർന്നതു്? എങ്കിൽ മൃതിയുടെ കേദാരങ്ങളായ നാടുകളിലേക്ക് നമുക്ക് പാഞ്ഞുപോകാം. പ്രിയപ്പെട്ട ആത്മാവേ, അതെങ്ങനെയുണ്ടെന്നു് ഞാൻ കാണുന്നു. ടോർണിയോവിലേക്ക് നമുക്ക് ഭാണ്ഡാമുറുക്കാം. അതിനുമപ്പുറം ബാൾട്ടിക്കിൻെറ അങ്ങേത്തലയ്ക്കലേക്ക് നീങ്ങാം; സാധ്യമെങ്കിൽ, ജീവിതത്തിൽനിന്നുതന്നെ അകലാം. ധ്രുവത്തിൽ താമസമുറപ്പിക്കാം. സൂര്യൻ മാത്രമേ അവിടെ അവ്യക്തമായി മേയുന്നുള്ളു.

വെളിച്ചത്തിന്റെയും അന്ധകാരത്തിന്റെയും നിഷ്പന്ദമായ പരസ്പരേതരത്വം അവിടെ വൈവിദ്ധ്യത്തെ അമർത്തിക്കളയുകയും അദ്വൈതത്തെ വളർത്തുകയും ചെയ്യുന്നുണ്ട്. ഒരു അദ്ധ്ശൂന്യത തമസ്സുകൊണ്ട് നമുക്കിവിടെ ദീർഘമായി സ്നാനം നിർവ്വഹിക്കാം; അപ്പോൾ, നാരകീയമായ കരിമരുന്നുപ്രയോഗത്തിൻെറ പ്രതിഫലനംപോലെയുള്ള ധ്രുവദീപ്തി, അതിൻെറ സരസിജവർണ്ണോജ്ജ്വലമായ രേണവീചികളെ നമ്മുടെ ആനന്ദത്തിനുവേണ്ടി അയച്ചുതരും.

ഒടുവിൽ ഇതാ, എൻെറ ആത്മാവ് പൊട്ടിത്തെറിക്കുന്നു; ബുദ്ധിപൂർവ്വം അതു പ്രഖ്യാപിക്കുന്നു. "എവിടെയാണെങ്കിലുംവേണ്ടില്ല! എവിടെയായാലും സാരമില്ല! ലോകത്തിനുവെളിയിൽ എത്ര ദൂരെയാകുമോ, അത്രയും!"

ഇരട്ടമുറി

ഒരു ധ്യാനത്തെ പ്രതിധ്വനിപ്പിക്കുന്ന മുറി; യഥാർത്ഥമായ ആത്മാവുള്ള ഒരു അറ; ഹൃദ്യമായ അവിടത്തെ അന്തരീക്ഷം അരുണവർണ്ണവും അഗാധനീലിമയുംകൊണ്ടു ശോഭായമാനം.

അവിടെ ആത്മാവു് ആലസ്യത്തിൽ സ്നാനം നിർവ്വഹിക്കുന്നു; നിരാശയും മോഹവുംകൊണ്ടു് ജ്വലിക്കുന്നു; ധവളിമ, നീലിമ, അരുണിമ എല്ലാം അവിടെ ജീവനെടുത്തു് തിളങ്ങുകയാണു്; ഒരു ഗ്രഹണസമയത്തെ മാദകമായ, വികാരോൽബണമായ സ്വപ്നം.

നീണ്ടുനിവന്നു്, സാഷ്ടാംഗം പ്രണമിച്ചു് നിർജ്ജീവമായിക്കിടക്കുന്നതുപോലെയുള്ളതാണു് അകസ്സാമാനങ്ങൾ. അവ സ്വപ്നംകാണുകയാവാം; തരുലതാദികളെയും ലോഹങ്ങളെയുംപോലെ സ്വപ്നാടനജീവിതത്താൽ അനുഗ്രഹീതം. പൂക്കളെപ്പോലെ, വിഹായസ്സിനെപ്പോലെ, അസ്തോദ്രിതടത്തിൽ പ്രവേശിച്ച അർക്കനെപ്പോലെ, വസ്ത്രാലങ്കാരങ്ങൾ മൂകഭാഷയിൽ സംസാരിക്കുന്നു.

ഭിത്തിയിൽ കലാത്മകവൈരൂപ്യമൊന്നുമില്ല. പരിശുദ്ധസ്വപ്നത്തിനു്, അപഗ്രഥനാതീതമായ സ്വാധീനമുദ്രയ്ക്കു് ആപേക്ഷികമായ അടിയുറപ്പുള്ള കല; സജീവകല ദൈവനിഷേധമാണു്. ഇവിടെ എല്ലാ വസ്തുക്കളും അനുയോജ്യതയുടെ തൃപ്തികരമായ സ്ഫുടതയും മധുരമായ നിഗൂഢതയും ഉൾക്കൊണ്ടിരിക്കുന്നു.

പരമമായ ശ്രദ്ധയോടുകൂടി തെരഞ്ഞെടുത്ത, പരമാണുസദൃശമായ ഒരു സുഗന്ധം പരിമൃദുലമായ ഒരു ഊഷ്മാവുമായിക്കലർന്നു് ഈ അന്തരീക്ഷത്തിൽ ഒഴുകിനട

ക്കുന്നു; അവിടെ വികാരമൂർച്ഛയിലായ ആത്മാവ് ഊഷ്മളാനുഭൂതികളാൽ തൊട്ടിലാട്ടപ്പെടുന്നു.

ജനാലകളിൽനിന്നും കിടക്കയിൽനിന്നും മഞ്ഞിൻ അനർഗ്ഗളം പ്രവഹിക്കുകയാണ്—ചെറിയ ഹിമപ്രപാതങ്ങൾ. സ്വപ്നങ്ങളുടെ കിരീടമായ വിഗ്രഹം ശയ്യയിൽ കിടക്കുന്നു. പക്ഷേ എങ്ങനെയാണവളിവിടെ ജീവിക്കാനെത്തിയത്? ഭൗതികാനന്ദങ്ങളുടേയും ഏകാഗ്രതയുടെയും സിംഹാസനത്തിൽ ഏതു് ഐന്ദ്രജാലികനശക്തിയാണവളെ പ്രതിഷ്ഠിച്ചതു്? എന്താണു സംഗതി? അവളിവിടെയുണ്ടു്; ഞാനവളെ തിരിച്ചറിയുകയും ചെയ്യുന്നു!

അതെ, ഈ നയനങ്ങളുടെ ജ്വാലകൾ മൃദുലപ്രകാശത്തെതുളച്ചു കടക്കുന്നു; കാതരവും ഭീകരവുമായ മിഴികൾ; അവയുടെ ഭയജനകമായ ദുഷ്ടതയാൽ ഞാനവയെ തിരിച്ചറിയുന്നു! അവയിൽ ദൃഷ്ടിപതിക്കുന്ന നിർല്ലജ്ജന്റെ വീക്ഷണത്തെ അവ ആകർഷിക്കുകയും അടിമപ്പെടുത്തുകയും വെട്ടിവിഴുങ്ങുകയും ചെയ്യും. ആകാംക്ഷയെയും ആരാധനയെയും ആഹ്വാനം ചെയ്യുന്ന ആ കറുത്ത നക്ഷത്രങ്ങളെക്കുറിച്ചു് ഞാൻ പഠനംനടത്തുകകൂടിച്ചെയ്തു.

നിശ്ശബ്ദത, മൂകത, ശാന്തി, സുഗന്ധങ്ങൾ എന്നിവയാലാവൃതമായിരിക്കുന്നതിന്റെ സന്തോഷത്തെപ്രതി ഏതു ദിവ്യരക്ഷസ്സിനോടാണു് ഞാൻ കടപ്പെട്ടിരിക്കുന്നതു്? ഓ, അനുഗ്രഹം! നാം പൊതുവെ ജീവിതമെന്നതിനെ വിളിക്കുന്നു; അതു സമ്പൂർണ്ണവും സന്തുഷ്ടിനിർഭരവും ആയിരിക്കുമ്പോൾപ്പോലും അതിൽ പൊതുവായതൊന്നുമില്ല; ഇപ്പോൾ, ഈ മഹാജീവിതവുമായി ഞാൻ നിരന്തരസമ്പർക്കത്തിലാണു്; വിനാഴികവിനാഴികയായി, നിമിഷംനിമിഷമായി ഞാനതിനെ ആസ്വദിക്കുന്നു.

ഇല്ല! ഇനി വിനാഴികകളൊന്നുമില്ല. ഇനി ശാ

PUBLIC LIBRARY KOTTAYAM

സന്നേരങ്ങളുമില്ല! കാലം അപ്രത്യക്ഷമായിക്കഴിഞ്ഞിരിക്കുന്നു. അനശ്വരതയാണിപ്പോൾ ഭരിക്കുന്നത്; ആഹ്ലാദങ്ങളുടെ ശാശ്വതത്വം!

വാതായനത്തിൽ ഭയങ്കരമായ, ഉഗ്രമായ, ഒരു മുട്ട് പ്രതിധ്വനിച്ചു. ഒരു നാരകീയസ്വപ്നത്തിലെന്നപോലെ, എന്റെയുദരത്തിൽ ഒരു കൈക്കോടാലികൊണ്ട് വെട്ടേററ എന്നുതോന്നി. പിന്നെ ഒരു പ്രേതം കടന്നുവന്നു: നിയമത്തിൻെറ പേരിൽ എന്നെ ആക്രമിച്ചടക്കാനെത്തിയ ഒരു ആമീനായിരുന്നു അതു്. ദുരിതം പ്രഖ്യാപിക്കാൻ വന്ന, സ്വന്തം ജീവിതത്തിലെ തന്ത്രങ്ങൾ എൻെറ ദുഃഖങ്ങളോടുകൂട്ടിച്ചേർക്കുവാൻ എത്തിയ ഏതോ കുപ്രസിദ്ധയായ വേശ്യ; അല്ലെങ്കിൽ ഏതോ ഒരു വർത്തമാനപത്രികയുടെ അധിപരിൽനിന്ന് കൈയെഴുത്തുപ്രതിയുടെബാക്കി ആവശ്യപ്പെടുന്ന, അദ്ദേഹത്തിൻെറ ഭൃത്യനാവാം.

സ്വർഗ്ഗസമാനമായ ഈ മുറി, ഈ വിഗ്രഹം, സ്വപ്നങ്ങളുടെ ഈ സാമ്രാജ്യം, മഹാനായ റെനിയുടെ വാക്കുകളിൽ, ഈ അപ്സരരമണി തുടങ്ങിയ എല്ലാ ഇന്ദ്രജാലവും പ്രേതത്തിൻെറ മാരകമായ പ്രഹരത്താൽ അപ്രത്യക്ഷമായി.

ഓ ഭയങ്കരം! ഞാൻഓർക്കുന്നു!ഞാൻ അനുസ്മരിക്കുന്നു. അതെ! ഈ ചെററപ്പുര, ആദ്യന്തവിഹീനമായ മുഷിപ്പിൻെറ ഈ ആവാസകേന്ദ്രം, എന്തെല്ലാമായാലും എൻെറ സ്വന്തമാണ്. മാലിന്യമടിഞ്ഞുകൂടി വക്കുകൾ ഒടിഞ്ഞ ആ വഷളൻ അകസ്സാമാനങ്ങൾ ഇവിടെ കിടക്കുകയാണ്. ചൂടു് കായാനുള്ളിടത്തു് തീയുമില്ല, വിറകുമില്ല; അവിടം തുപ്പൽകൊണ്ടു് പങ്കിലമായിരിക്കുന്നു. അറപ്പുതോന്നിപ്പിക്കുന്ന ജനാലകളിലെ ധൂളീപാളികളിൽ മഴ വികൃതമായി ചിത്രരചന നടത്തിയിട്ടുണ്ടു്.

കൈയെഴുത്ത് മായ്ക്കപ്പെട്ടുകഴിഞ്ഞു; അഥവാ അപൂൎണ്ണമായിക്കിടക്കുന്നു. പഞ്ചാംഗത്തിൽ, അശുഭദിനങ്ങൾ പെൻസിൽകൊണ്ടു് അടയാളപ്പെടുത്തിയിട്ടുണ്ടു്!

സംപൂൎണ്ണബോധത്തോടുകൂടി ഞാൻ ആസ്വദിച്ച മറെറാരു ലോകത്തിലെ ആ ദിവ്യസൗരഭ്യത്തെ, ഹാ, അവൎണ്ണ്യമായ വെറുപ്പുജനിപ്പിക്കുന്ന ഒരു മഹാ ദുർഗ്ഗന്ധവും പുകയിലയുടെ അനിഷ്ടകരമായ മണവും കൂടിച്ചേൎന്നു് ഗളഹസ്തം ചെയ്തിരിക്കുന്നു. വിഷാദാത്മകത്വത്തിൻെറ ദുൎഗ്ഗന്ധത്താൽ ഈ മുറി നിറഞ്ഞിരിക്കുന്നു.

അതിമാത്രം ഇടുങ്ങിയതും സ്വൎഗ്ഗ്നിറഞ്ഞതുമായ ഈ ലോകത്തിൽ സ്നേഹമുള്ള ഒരേയൊരു വസ്തുമാത്രം എന്നെ ക്ഷണിക്കുന്നുണ്ടു്; കറുപ്പുസത്തിന്റെ സ്ഫടികപാനഭാജനം—വൃദ്ധയും കൎമ്മനക്കാരിയുമായ ഒരു വളൎത്തമ്മ; എല്ലാ വളൎത്തമ്മമാരേയുംപോലെ പരിലാളനങ്ങളിലും ചതിയിലും ഉദാര.

ഓ, അതെ കാലം മടങ്ങിവന്നു; ഇപ്പോൾ കാലം ആത്യന്തികത്വത്തെ ഭരിക്കുന്നു; മറഞ്ഞിരിക്കുന്ന വൃദ്ധനിൽ അയാളുടെ അസുരാനുയായികളും തിരിച്ചെത്തി—സ്മരണകൾ, വിഷാദങ്ങൾ, വേദനകൾ, ഭീതികൾ, പീഡകൾ, പേടിസ്വപ്നങ്ങൾ, സ്വൎഗ്ഗകൾ, ഭ്രാന്തുകൾ എല്ലാം.

ഈ നിമിഷങ്ങൾ ശക്തിയും ഗാംഭീര്യവുംകൊണ്ടു് മഹത്വീകരിക്കപ്പെട്ടതാണെന്നു ഞാൻ നിങ്ങളോടു ഉറപ്പു പറയുന്നു: മാത്രമല്ല, അവയോരോന്നും ഘടികാരത്തിൽ നിന്നു പുറത്തുചാടി ഇങ്ങനെ പ്രഖ്യാപിക്കുകയാണു്:

"ഞാൻ ജീവിതമാണ്; തനിക്കുതാൻ പോരിമയുള്ളതും മാററി പ്രതിഷ്ഠിക്കാനാവാത്തതുമായ ജീവിതം!"

ശുഭസന്ദേശം, അവ്യക്തമായ ഭയംകൊണ്ട് ഏതൊരു മനുഷ്യഹൃദയത്തെയും നിറയ്ക്കാൻപോരുന്ന നല്ല വർത്തമാനംപ്രഖ്യാപിക്കാൻ ദൗത്യമേററിട്ടുള്ള മനുഷ്യരുടെ ജീവിതത്തിൽ ഒരൊററ നിമിഷംമാത്രമേയുള്ളു.

അതെ! കാലം ഇപ്പോൾ ഭരിക്കുന്നു; തൻെറ ക്രൂരമായ സർവ്വാധിപത്യം അവൻ സ്ഥാപിച്ചുകഴിഞ്ഞു. ഞാൻ ഒരു കാളയാണെന്നപോലെ ഇരുവാലുള്ള ചമ്മട്ടികൊണ്ട് അവനെന്നെ മുന്നോട്ട് അടിച്ചുപായിക്കുന്നു: "മൃഗമേ, ഓട്ടു! അടിമേ, നീ വിയർക്കട്ടെ! നശിച്ചവനേ നീ ജീവിക്കു!"

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MA2 *Acc. No.* 48892

This book should be returned on or before the date last stamped below.

26 AUG 1976
25 SEP 1976
1 APR 199

Cl. No MA2 Acc. No 48892
Bau-A
AUTHOR ബോദ്‌ലെയർ
TITLE ആത്മാംശം

MA2 48892

ബോദ്‌ലെയർ
ആത്മാംശം

ആത്മാംശം

ബോദ്‌ലെയർ

വിശ്വവിഖ്യാതനും പരാജയപ്രസ്ഥാനമെന്നു വിമർശിക്കപ്പെട്ട യഥാർത്ഥവാദത്തിൻെറ (റിയലിസം) യും സിംബലിസത്തിൻെറയും ഉപജ്ഞാതാക്കളിലൊരാളും റൊമാൻറിസിസത്തിൻെറ ആരാധകനുമായ ബോദ്‌ലയറുടെ ഒരു കൃതി ഇതാദ്യമായാണ് മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെടുന്നത്. ഏണസ്റ്റ് ഹെമിംഗ്‌വേ, ലിയനാർദ്, ദാ വിഞ്ചി, ഹെർമ്മൻ മെൽവില്ലി, ഗസ്താവ് ഫ്ളാബേർ എന്നീ അനശ്വര പ്രതിഭാശാലികളെയും സാഷാ സീമെൽ, ഹാൻസ് ഹാസ് എന്നീ സാഹസികാത്മാക്കളെയും മലയാളത്തിന് പരിചയപ്പെടുത്തിയ സേവ്യർ പോൾ തന്നെ ഇതും തർജ്ജമ ചെയ്തിരിക്കുന്നു. റിയലിസം ഗദ്യകവിതയിൽ എങ്ങനെ സിംബലിക്കായി ആവിഷ്ക്കരിക്കാമെന്ന് ഈ ഉൽകൃഷ്ട രചന തെളിയിക്കും.

പ്രസാധകർ

ജേനറൽ പബ്ലിക്കേഷൻസ്, കൊല്ലം

വിതരണം --

എം. എസ്. ബുക്ക്ഡിപ്പോ, കൊല്ലം